

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെല്ലനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.13/1765/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.13/1765/2025 തീയ്യതി: 16/12/2025

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പ്രതാപ് കുമാർ	ഡെപ്യൂട്ടി ഡയറക്ടർ	19-08-2025	29-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-08-2025	29-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രിമതി സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രിമതി രശ്മി ആർ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കിരൺ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശരത് ജെ ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ രാജേഷ് എസ് എസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പുഷ്പകുമാരി ആർ എസ്	ഹെഡ്മിസ്ട്രസ്സ്	01-04-2024	31-03-2025
ഡോ ഇന്ദുലേഖ വി എം	സീനിയർ വെറ്ററിനറി സർജൻ	01-04-2024	22-07-2024
ഡോ ആശ എസ് ജെ	സീനിയർ വെറ്ററിനറി സർജൻ	23-07-2024	31-03-2025
ഡോ അനു തോമസ്	മെഡിക്കൽ ഓഫീസർ, PHC	01-04-2024	31-03-2025
ഡോ ജയശങ്കർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ശ്രീമതി മിനി കെ നായർ	ഫിഷറീസ് ഓഫീസർ	01-04-2024	31-03-2025
ശ്രീമതി വനജകുമാരി വി	ICDS സൂപ്പർവൈസർ	01-04-2024	20-08-2024
ശ്രീമതി അനീസ എസ് കെ	ICDS സൂപ്പർവൈസർ	20-08-2024	31-03-2025
ശ്രീമതി സുമറോസ് സുന്ദരൻ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ രവീന്ദ്രബാബു റ്റി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി സുജ കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	30-09-2024
ശ്രീ കൃഷ്ണകുമാർ എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-10-2024	31-03-2025
ശ്രീമതി അൻസി എ ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	25-02-2025
ശ്രീ വിനീത് സി എ	ഡയറി ഫാം ഇൻസ്ട്രക്ടർ	25-02-2025	31-03-2025
ശ്രീമതി ആശാറാണി റ്റി	വി.ഇ.ഒ. സർക്കിൾ II	01-04-2024	31-12-2024
ശ്രീ വിനീഷ് വി	വി.ഇ.ഒ. സർക്കിൾ II (അധിക ചുമതല)	01-01-2025	31-03-2025
ശ്രീ വിനീഷ് വി	വി.ഇ.ഒ. സർക്കിൾ I	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-2
4	വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-3
5	ബാധ്യത തുകകൾ ക്രമീകരിച്ചിട്ടില്ല	1-1-4
6	ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-5
7	ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-6
8	നിക്ഷേപത്തുകകൾ ബാലൻസ് ഷീറ്റിൽ തെറ്റായി രേഖപ്പെടുത്തി	1-1-7
9	ആസ്തികളുടേതിന് അധികമായി ഡിപ്രീസിയേഷന് മൂല്യം കണക്കാക്കി	1-1-8
10	സ്ഥിരനിക്ഷേപത്തുക രേഖകളുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	ഡെപ്പോസിറ്റ് തുകകൾ രേഖകളുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്	1-1-11
13	തൊഴിലുറപ്പു പദ്ധതി വരവുചെലവുകൾ പൊരുത്തപ്പെടുന്നില്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം	1-3
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	പെൻഷൻ അപേക്ഷകൾ കാലപരിധിക്കുള്ളിൽ തീർപ്പാക്കുന്നില്ല.	1-6-1
19	ക്ഷേമപെൻഷനുകൾ	1-6
20	ക്യാഷ് ബാലൻസ് പരിശോധന	1-7
21	ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പരിശോധന	1-8
22	എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ - അവലോകനം	1-9-1
23	പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം	1-9-2
24	മെറ്റീരിയിൽ സംഭരണം സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല	1-9-3
25	വ്യക്തിഗത ആസ്തി നിർമ്മാണം – അപാകങ്ങൾ	1-9-4
26	ടെണ്ടറുകൾക്ക് മൽസര സ്വഭാവമില്ല	1-9-5
27	മിഷൻ ഡയറക്ടറുടെ സർക്കുലറിന് വിരുദ്ധമായി കരാറുകാരന് തുക അനുവദിച്ചു.	1-9-6
28	റോഡ് നിർമ്മാണ പ്രവൃത്തികളുടെ Skilled/Semiskilled മസ്റ്റർ റോളുകളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുന്നില്ല.	1-9-7
29	തോട് പുനരുദ്ധാരണം - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കിയില്ല	1-9-8
30	ജി.എസ്.ടി ബില്ലിന്റെ അഭാവത്തിൽ തുക അനുവദിച്ചു	1-9-9
31	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
32	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
33	കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല	1-11-1
34	കെ സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല.	1-11-2
35	വസ്തു നികുതി പരിഷ്കരണം-എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചില്ല	1-11-3

36	അടിസ്ഥാന വസ്തു നികുതി നിരക്ക് തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു	1-11-4
37	വസ്തു നികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് നികുതി പുനർ നിർണയിച്ചിട്ടില്ല.	1-11-5
38	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം	1-11-6
39	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല	1-11-7
40	നിലവിലുള്ള കെട്ടിടത്തിന്റെ വിവരം - സഞ്ചയയും സൈറ്റ് പ്ലാനും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-11-8
41	വസ്തു നികുതി - അപാകങ്ങൾ	1-11
42	തൊഴിൽ നികുതി - അപാകങ്ങൾ	1-12
43	തീയേറ്റർ ലൈസൻസില്ലാതെയും വിനോദ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.	1-13
44	വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-14
45	നികുതി-നികുതിയേതര വരവുകൾ പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല	1-15
46	തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പാലിക്കേണ്ടതാണ്	1-16
47	മഴക്കാല പൂർവ ശുചീകരണത്തിനായി ശുചിത്വ മിഷൻ വിഹിതമായി തനത് ഫണ്ടിൽ നിന്ന് അനുവദിച്ച തുക റീക്കൂപ്പ് ചെയ്തില്ല – 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-17
48	വാഹന ഇൻഷ്വറൻസ് - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുത്തില്ല	1-18
49	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം	1-19
50	പാഥേയം പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു	1-20
51	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 3,64,434/- രൂപ തടസ്സപ്പെടുത്തുന്നു	1-21
52	ഇംഗ്ലീഷ് പരിപോഷണ പരിപാടി - തുക 18,100/- രൂപ തടസ്സപ്പെടുത്തുന്നു	1-22
53	പട്ടികജാതി വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ – നിർവ്വഹണത്തിലെ അപാകങ്ങൾ	1-23
54	വജ്രജൂബിലി ഫെല്ലോഷിപ്പ് - പദ്ധതി നിർവ്വഹണം ക്രമപ്രകാരമല്ല – 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-24
55	വിദ്യാവെളിച്ചം പദ്ധതി-നിർവ്വഹണത്തിൽ അപാകങ്ങൾ	1-25
56	ജീവനക്കാതുടെ ശമ്പളനിർണയത്തിന് അംഗീകാരം വാങ്ങുന്നില്ല	1-26
57	ഹോമിയോ മരുന്നുകൾ ഹോംകോ ലഭ്യമാക്കിയില്ല - 60,441/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
58	പ്രോജക്ട് നം. 144/2025 - ജനനി സുരക്ഷ-ചെലവ് വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മന്റിൽ വന്നിട്ടില്ല	1-28
59	മിനി സിവിൽ സ്റ്റേഷൻ നിർമാണം DPR തയ്യാറാക്കൽ - ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത നടപടിക്രമത്തിൽ അപാകം	1-29
60	ജലജീവൻ മിഷൻ - അവലോകനം	1-30
61	ഇടവിള കിറ്റ് വിതരണം - വിതരണം വിവരം വ്യക്തമല്ല	1-31
62	ഗ്രൂപ്പുകൾക്ക് പുഷ്പക്കൃഷി - കൃഷി ഭൂമി സംബന്ധിച്ച വിവരവും പദ്ധതിയുടെ തുടർ വിവരവും ലഭ്യമാക്കിയിട്ടില്ല	1-32
63	ഹരിത ഭവനം - സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല	1-33
64	മൃഗസംരക്ഷണ മേഖല പ്രോജക്ടുകൾ - പദ്ധതി മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-34

65	അടുക്കള മുറ്റത്തെ കോഴി വളർത്തൽ - അർഹത ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല	1-35
66	അങ്കണവാടികളിൽ പോഷകാഹാരം - വിവിധ അപാകങ്ങൾ	1-36
67	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോഷർഷിപ്പ് - മുഴുവൻ തുകയും അനുവദിച്ചില്ല	1-37
68	വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി അനുവദിച്ച 28,000/- രൂപ തടസ്സപ്പെടുത്തുന്നു	1-38
69	വയോജനങ്ങൾക്ക് ടൂർ പ്രോഗ്രാം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി - 47,900/- രൂപ തടസ്സപ്പെടുത്തുന്നു	1-39
70	ഹരിത കർമ്മസേന യൂസർ ഫീസ് ഇളവ് നൽകൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഇളവ് അനുവദിച്ചു	1-40
71	ഭവന പുനരുദ്ധാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നു	1-41
72	പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം	1-42
73	ലൈഫ് ഭവന പദ്ധതി - 60,000/- രൂപ അധികം തുക അനുവദിച്ചു - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കി	1-43
74	ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ	1-44
75	പാലിയേറ്റീവ് കെയർ പ്രവർത്തനം - വിവിധ അപാകങ്ങൾ	1-45
76	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഒരുക്കൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം	1-46
77	ആരോഗ്യസേന പ്രവർത്തനം - തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല	1-47
78	ജനറൽ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ മിനിട്ട്സ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-48
79	ഹെൽത്ത് ഗ്രാന്റ് വിനിയോഗം	1-49
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് - വിശദാംശം	4-1
2	സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.
ഷെഡ്യൂളുകൾ എല്ലാം സോഫ്റ്റ് വെയറിൽ ലഭ്യമാകാത്തതിനാൽ ഐ.കെ.എം. ന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് ഇതു സംബന്ധിച്ച എൻകെയറിക്ക്(നം. 25) മറുപടി നൽകിയിട്ടുണ്ട്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.06.2025 തീയതിയിലെ 2(2) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെല്ലനാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി

110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Traders	

ഇവ മാസാമാസം ഡിമാന്റ് ചെയ്യുന്നത് പ്രായോഗികമല്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്

1-1-3 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം)

1-1-4 ബാധ്യത തുകകൾ ക്രമീകരിച്ചിട്ടില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	തുക
350110103	Employee Liabilities – Unpaid Salaries	5056
350200119	Recoveries Payable - Covid	139100
350200199	Recoveries Payable – Other Recoveries From Employees	12121
350200203	Recoveries Payable – KCWWF	1630
350300111	Government And Other Dues Payable – Flood Cess	6356
350400107	Refunds Payable – Entertainment Tax	23700

ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-5 ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സ്ഥാപത്തിന്റെ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ട് നമ്പർ	നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം)
Central Bank 5394050535	രൂ.50,61,902/-
Central Bank 5369761709	രൂ.7,875/-

പ്രസ്തുത അക്കൗണ്ട് FD അക്കൗണ്ട് ആണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയതിൽ ഇപ്രകാരമൊരു നിക്ഷേപം നിലവിലില്ല. പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-1-6 ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

ചുവടെപ്പറയുന്ന ഇനങ്ങളുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ്	AFS പ്രകാരം ചെലവ്
വികസനഫണ്ട്(സാധാരണവിഹിതം)	രൂ.2,18,52,728/-	രൂ.2,20,52,728/-
ധനകാര്യകമ്മിഷൻ ഗ്രാന്റ്	രൂ.80,40,399/-	രൂ.79,69,258/-

തൻവർഷം ഉപേക്ഷിക്കപ്പെട്ട ഒരു പദ്ധതി ആയത് ഉപേക്ഷിക്കപ്പെടും മുൻപു തന്നെ നിർവ്വഹണോദ്യോഗസ്ഥൻ ബിൽ എടുത്തതിനാലാണ് ചെലവു തുക വ്യത്യാസം വന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് ക്രമീകരിക്കാൻ പ്ലാനിംഗ് ഓഫീസിൽ കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്.

1-1-7 നിക്ഷേപത്തുകകൾ ബാലൻസ് ഷീറ്റിൽ തെറ്റായി രേഖപ്പെടുത്തി

മാർക്കറ്റിലെ കുഴൽക്കിണർ നിർമ്മാണം (252/25) എന്ന പദ്ധതിക്കായി ഭൂഗർഭജല വകുപ്പിന് 3,51,141/- രൂപയും പോസ്റ്റ് ഷിഫ്റ്റിംഗിനായി (77/25) വൈദ്യുതി ബോർഡിന് 2,71,273/- രൂപയും തൻവർഷം ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ യഥാക്രമം 2,80,000/- രൂപ, 1,90,131/- രൂപ എന്നാണ് ബുക്ക് ചെയ്തിട്ടുള്ളത്.

1-1-8 ആസ്തികളുടേതിന് അധികമായി ഡിപ്രീസിയേഷന് മൂല്യം കണക്കാക്കി

ബാലൻസ് ഷീറ്റ് B-11 പ്രകാരം Other Fixed Assets 10,46,614/-രൂപ എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ B-11(A) പ്രകാരം Accumulated Depreciation 4,03,14,054/-രൂപ ആണ്. ആസ്തികളെക്കാൾ ഉയർന്ന മൂല്യം

ഡിപ്രീസിയേഷന് കണക്കാക്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

1-1-9 സ്ഥിരനിക്ഷേപത്തുക രേഖകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B12 പ്രകാരം 2024-25 വർഷത്തിൽ സ്ഥിരനിക്ഷേപമായി 3,37,83,837/- രൂ ഉണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2,86,03,080/- രൂപ ആണ് (തൻവർഷം ക്ലോസ് ചെയ്ത 30,00,000/- രൂപയുടെ FD ഉൾപ്പെടെ) തൻവർഷം ഈയിനത്തിലെ തുക. വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ എൻകെയറിക്ക് (നം. 62) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള ബാങ്കിലെ നിക്ഷപമായ 30,00,000/- രൂപ തൻവർഷം ക്ലോസ് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി തുക ഏത് അക്കൗണ്ടിലേക്കാണ് വരവു വെച്ചിട്ടുള്ളത് എന്നോ പലിശയിനത്തിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്നോ വ്യക്തമല്ല.
ഓരോ വർഷവും കാലയളവ് പൂർത്തിയാകുന്ന സ്ഥിരനിക്ഷേപത്തുകയെ അതതു വർഷം ലഭിക്കുന്ന പലിശയോടൊപ്പമാണ് ഡെപ്പോസിറ്റ് ചെയ്തുപോരുന്നത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഒരേ തുക തന്നെ വീണ്ടും നിക്ഷേപിക്കുന്നതായാണ് രേഖപ്പെടുത്തി വരുന്നത്. 30,00,000/- രൂപ വരവു വെച്ച അക്കൗണ്ടിന്റെ വിശദാംശങ്ങളും സ്ഥിര നിക്ഷേപത്തുകകളിലെ വ്യത്യാസം രേഖകൾ സഹിതവും മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-1-10 ഡെപ്പോസിറ്റ് തുകകൾ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

ചുവടെപ്പറയുന്ന ഇനം ഡെപ്പോസിറ്റുകളുടെ വരവ്/ചെലവ്, നീക്കിയിരിപ്പ് തുകകൾ ധനകാര്യപത്രികയിലേതും സ്ഥാപനത്തിലെ രജിസ്റ്ററിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനം		വരവ് രൂ.	റീഫണ്ട് രൂ.	നീക്കിയിരിപ്പ് രൂ.
Bidders Earnest Money Deposit	രജിസ്റ്റർ പ്രകാരം		1950	96486
	AFS പ്രകാരം		0	94536 (B 7)
Contractors Retention	രജിസ്റ്റർ പ്രകാരം	244619		
	AFS പ്രകാരം	98476 (RP 33)		

വ്യത്യാസം വന്നതിനുള്ള കാരണം അന്വേഷിച്ച് നൽകിയ എൻകെയറിക്ക് (നം. 52) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 2020 നവംബർ മാസത്തെ വരവായ 45,000/-രൂപ നിലവിലും ശേഷിക്കുന്നുണ്ട്. ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. മൂന്നു വർഷത്തിലധികമായി തിരികെ നൽകാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

340109901, 340200199 എന്നിങ്ങനെ രണ്ടു ഹെഡുകളിലായി ധനകാര്യപത്രികയിൽ Other Deposits ഇനത്തിൽ തുകകൾ ശേഷിക്കുന്നു. ഇവ ഏതിനത്തിലുള്ളതാണെന്ന വിവരം ലഭ്യമല്ല.

1-1-11 ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്

ചുവടെ ചേർക്കുന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു.

CENTRAL BANK OF INDIA(MGNREGS NEW) (5252839677) – 09.08.2024 മുതൽ 30.08.2024 വരെ.
അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത വിവിധ തുകകൾ 30.08.24നാണ് ILGMSൽ വരവായെടുത്തിട്ടുള്ളതെന്നും ആയതിനാലാണ് ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-12 തൊഴിലുറപ്പു പദ്ധതി വരവുചെലവുകൾ പൊരുത്തപ്പെടുന്നില്ല

ധനകാര്യപത്രിക പ്രകാരം തൊഴിലുറപ്പു പദ്ധതിയുടെ തൻവർഷത്തെ വരവ് (RP 30) 18,00,001/- രൂപയും ചെലവ് (I 14-F) 18,00,011/- രൂപയുമാണ്. നീക്കിയിരിപ്പ് 0 എന്നും കാണിച്ചിരിക്കുന്നു. ക്യാഷ് ബുക്ക് പ്രകാരം ഭരണച്ചെലവ് 18,37,751/- രൂപ ആണ്. ബാങ്ക് ബുക്ക് പ്രകാരം വരവു വന്നിട്ടുള്ള 1,67,768/- രൂപ അഡ്വാൻസ് ഹെഡിൽ 1,67,778/-രൂപ ആയി അഡ്ജസ്റ്റ് ചെയ്തതിനാലാണ് വ്യത്യാസം വന്നത് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ എൻകെയറിക്ക് (നം. 41) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർവർഷത്തെ ധനകാര്യപത്രികയിൽ ആയത് തിരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

	ബജറ്റ്	പുതുക്കിയ ബജറ്റ്
അംഗീകരിച്ച തീയതി	09.02.2024	21.03.2025

ഭരണ സമിതി തീരുമാനം	1(1)	1(1)
മുന്നിരിപ്പ്	₹2,70,25,160/-	₹4,21,57,757/-
പ്രതീക്ഷിത വരവ്	₹59,45,99,120/-	₹36,05,57,789/-
ആകെ	₹62,16,24,280/-	₹40,27,15,546/-
പ്രതീക്ഷിത ചെലവ്	₹61,74,00,788/-	₹35,80,32,319/-
നീക്കിയിരിപ്പ്	₹42,23,492/-	₹4,46,83,227/-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹2,81,28,387/-
വരവ്	₹8,52,25,936/-
ആകെ	₹11,33,54,323/-
ചെലവ്	₹7,33,26,529/-
നീക്കിയിരിപ്പ്	₹4,00,27,794/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസനഫണ്ട് (ജനറൽ)	0	19678980	19678980	21852728	- 2173748
വികസനഫണ്ട് (എസ്.സി.പി)	0	6171704	6171704	7866000	-1694296
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	9610410	9610410	4530760	5079650
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	3798982	3798982	3509639	289343
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	8282000	8282000	7827726	454274
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	14996000	14996000	13223505	1772495
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	1159504	-1159504
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	4868962	-4868962

*വികസന ഫണ്ട് ജനറൽ, എസ്.സി.പി വിഹിതങ്ങളിലെ സോഴ്സ് ഡിഡക്ഷൻ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനങ്ങളിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

*അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (റിജക്ട് ചെയ്ത ബില്ലുകൾ, ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിക്കാത്ത ബില്ലുകൾ) തുകകളും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തക്കേടുണ്ട്.

1-5 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ))

ക്രമ നം.	നിർവ്വഹണം	അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പദ്ധതി അടങ്കൽ രൂ.	പദ്ധതി ചെലവ് രൂ.	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	19	19	-	3371249	1894638	56
2	വെറ്ററിനറി സർജൻ	13	12	1	3405570	2683208	79
3	എം.ഒ. പി.എച്ച്.സി.	16	13	3	7141400	6010080	84
4	എം.ഒ. ആയൂർവേദം	8	8	-	2245472	2148059	96

5	ഫിഷറീസ് ഓഫീസർ	3	3	-	60000	60000	100
6	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	30	21	9	10983773	6055554	55
7	സെക്രട്ടറി	40	25	15	14977373	8025514	54
8	എച്ച്.എം. ഗവ.യു.പി.എസ്.	9	9	-	4300000	3972618	92
9	വി.ഇ.ഒ./ എൽ.വി.ഇ.ഒ.	34	29	5	79873689	26134063	33
10	എ.ഇ., എൽ.എസ്.ജി.ഡി.	96	66	30	68760998	30430155	44
11	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	-	1120332	711489	64
12	അസി.സെക്രട്ടറി	21	15	6	6626312	4802282	72
	ആകെ	291	222	69			

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ തൻവർഷം തന്നെ നടപ്പാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	26039822	21852728	84
എസ്.സി.പി.	9448800	7866000	83
ടി.എസ്.പി.	-	-	-
ധനകാര്യ കമ്മിഷൻ അവാർഡ്	15105957	8040399	53
കേന്ദ്രാവിഷ്കൃത ഫണ്ട്	3070000	1159504	38
സംസ്ഥാനാവിഷ്കൃത ഫണ്ട്	34026104	4868962	14
തനത് ഫണ്ട്	52592015	23313492	44
മറ്റ് ബ്ലോക്ക് പഞ്ചായത്ത്	14684625	1624640	11
മറ്റ് ജില്ലാ പഞ്ചായത്ത്	14356534	663000	5
മെയിന്റനൻസ് റോഡ്	17440169	13223505	76
മെയിന്റനൻസ് റോഡിതരം	9539917	7827726	82
മറ്റുള്ളവ	52644785	2064905	4

1-6-1 പെൻഷൻ അപേക്ഷകൾ കാലപരിധിക്കുള്ളിൽ തീർപ്പാക്കുന്നില്ല.

ചില സാമൂഹ്യ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ സർക്കാർ നിർദ്ദേശിച്ചിട്ടിട്ടുള്ള കാലപരിധി പാലിക്കാത്തതായി കാണുന്നു.

ഉദാ : 1. അപേക്ഷക : റഹിയാനത്ത് ബീവി (വിധവാ പെൻഷൻ)

അപേക്ഷിച്ച തീയതി :29.11.2024
അപേക്ഷയിൽ തീരുമാനം എടുക്കേണ്ടിയിരുന്ന കാലപരിധി – 40 ദിവസം

വിധവാ പെൻഷൻ അനുവദിച്ച തീയതി : 6.2.2024

2. അപേക്ഷകൻ :അഗിൻ. വി. (വികലാംഗപെൻഷൻ)

അപേക്ഷിച്ച തീയതി :27.3.2024
അപേക്ഷയിൽ തീരുമാനം എടുക്കേണ്ടിയിരുന്ന കാലപരിധി – 40 ദിവസം

വികലാംഗപെൻഷൻ അനുവദിച്ച തീയതി :11.6.2024

പെൻഷൻ അപേക്ഷകൾ സർക്കാർ നിർദ്ദേശിച്ചിട്ടിട്ടുള്ള കാലപരിധിയ്ക്കുള്ളിൽ തീർപ്പാക്കേണ്ടതാണ്.

1-6 ക്ഷേമപെൻഷനുകൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	3374400	192
വിധവാ പെൻഷൻ	23564100	1562
വാർദ്ധക്യകാലപെൻഷൻ	39623300	2785

വികലാംഗപെൻഷൻ	5544400	350
വിവാഹധനസഹായം	120000	4
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	656600	41

1-7 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2025 തീയതിയിൽ 4.00 PM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46985/- (നാൽപത്തി ആറായിരത്തി തൊള്ളായിരത്തി എൺപത്തിയഞ്ച്)രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പരിശോധന

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്രട്ടറി ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് കൂടുകയും തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

3. ഇൻകമ്പൻസി മാസ്റ്റർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

4. സേവനപുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്

5. കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ കാഷ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

6. SLI, GIS സബ്സ്ക്രിപ്ഷനുകൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ അടവാക്കുന്നുണ്ട്.

7. ഇലക്ട്രോണിക് ഉപകരണങ്ങൾ,ഫർണ്ണിച്ചർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

8. ഭരണസമിതി തീരുമാനങ്ങളുടെ നടപ്പാക്കൽ പരിശോധിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാച്ച് രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. തനത് വരവ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും ഇത് സംബന്ധിച്ച തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടിട്ടുണ്ട്.

10. ഗ്രാമസഭ മിനിട്ട്സ് പരിശോധിച്ചതിൽ ഗ്രാമസഭാ സംഘാടനത്തിലും മിനിട്ട്സ് ബുക്ക് പരിപാലനത്തിലും അപാകതകൾ കാണുന്നു.

ഉദാ : 1. മുരുർക്കോണം വാർഡിൽ മൂന്നു മാസത്തിലൊരിക്കൽ ഗ്രാമസഭ കൂടിയിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ 23.7.2024, 11.1.2025 തീയതികളിൽ മാത്രമാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്.

2. കാന്തലക്കോണം വാർഡിൽ 4.6.2025ൽ നടന്ന ഗ്രാമസഭ മിനിട്ട്സ് ബുക്കിൽ വാർഡ് മെമ്പർ ഒപ്പിട്ടിട്ടില്ല.

ഗ്രാമസഭാ സംഘാടനം, മിനിട്ട്സ് ബുക്ക് പരിപാലനം എന്നിവയിൽകേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

11. 2023-24 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് 5.10.2024 ലെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യുകയും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ആദ്യ മറുപടി നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടിട്ടുണ്ട്.

1-9-1 എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾ - അവലോകനം

1) എം.ജി.എൻ.ആർ.ജി.എസ്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി ഇനം	ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ വിവരം		നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം		
	എണ്ണം	ആവശ്യമായ മനുഷ്യ ദിനങ്ങൾ	പ്രവൃത്തികളുടെ എണ്ണം	നടപ്പിലാക്കലിന്റെ ശതമാനം	ഉപയോഗിച്ച മനുഷ്യ ദിനങ്ങൾ
നഴ്സറി നിർമാണം	18	7566	0	0	0
SHG വർക്ക് ഷെഡ്	16	2400	0	0	0
തോട്	84	49189	32	38.10	11923
സോക്ക്പിറ്റ് നിർമാണം	430	2479	34	7.91	135
കാലിത്തൊഴുത്ത് നിർമാണം	80	2402	2	2.50	41
ചെക്ക് ഡാം നിർമാണം	15	1111	0	0	0

അസോള ടാങ്ക് നിർമാണം	60	450	0	0	0
കിണർ റീച്ചാർജ്	190	1330	6	3.16	21
പൊതു കമ്പോസ്റ്റ് പിറ്റ്	425	6066	0	0	0
ഫലവൃക്ഷത്തൈ നടീലും പരിപാലനവും	17	6892	0	0	0
കോഴിക്കൂട് നിർമാണം	107	2410	5	4.67	66
ആട്ടിൻകൂട് നിർമാണം	94	2117	2	2.13	24
പാട്ടക്കൃഷി	147	194338	30	20.41	36082
ഭവനപദ്ധതി	160	14400	34	21.25	2677
തീറ്റപ്പുൽക്കൃഷി	42	20946	0	0	0
ഫാംപോണ്ട്	48	21486	0	0	0
നടപ്പാത	112	16607	16	14.29	1944
കംപോസ്റ്റ് പിറ്റ്	425	6066	1	0.24	5
തെങ്ങിൻ തൈ ഉല്പാദനം	16	8656	0	0	0
മണ്ണ്-ജല സംരക്ഷണ പ്രവൃത്തി	142	152342	33	23.24	30240
കാർഷിക കുളം	48	21486	0	0	0
കിണർ നിർമാണം	54	3672	10	18.52	251
റബർ ബോർഡ് അംഗീകൃത ഭൂമിയിലെ തട്ടുതിരിക്കലും അനുബന്ധ പ്രവർത്തികളും	50	55327	13	26	9605
ആകെ	2780	599738	218		93014

ആക്ഷൻ പ്ലാൻ പ്രകാരം അംഗീകാരം ലഭിച്ച ഭൂരിഭാഗം പ്രവൃത്തികളും നടപ്പാക്കിയിട്ടില്ല. പദ്ധതി നിർവഹണം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2) തൻവർഷം മെറ്റീരിയൽ വർക്ക്(വ്യക്തിഗതം ഉൾപ്പെടെ) പൂർത്തിയാക്കിയവയുടെയും ,ലഭ്യമായ തുകയുടെയും വിശദാംശം

മെറ്റീരിയൽ വർക്ക് 2024-25 ൽ പൂർത്തിയാക്കിയവയുടെ എണ്ണം	ആകെ ചെലവു തുക	ലഭ്യമായ തുക	ലഭ്യമാകാനവശേഷിക്കുന്ന തുക
76	8186379	7715741	470638

എൻകെയറി നം - 9/20.08.2025

1-9-2 പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം

എം.ജി.എൻ.ആർ.ജി.എസ് വെബ്സൈറ്റ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിലും, അതിന് മുൻപും ആരംഭിച്ച പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കാതെ സ്റ്റാറ്റസ് "Ongoing" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

Sl No.	Work Name (Work Code)	Work Status	Estimated Cost (In Lakhs)						Expenditure On:					
			Labour			Material	Contingency	Total	Labour			Material	Contingency	Total
			Unskilled	Semi-Skilled	Skilled				Unskilled	Semi-Skilled	Skilled			
1	മണ്ഡപകുന്ന് വാർഡിൽ കിണർ റീചാർജ്ജിംഗ് പ്രകാശം ആർ 15/118 (1614009004/ DW/151260)	On Going	0.01307	0	0	0.06693	0	0.08	0.01578	0	0	0	0	0.01578

2	ഈശാനുകോണം തോടിൽ മരവെട്ടിക്കുഴി ഭാഗത്ത് തടയണ നിർമ്മാണം (1614009004/ IC/210415)	On Going	0.91334	0	0	0.075	0	0.99	0.24985	0	0	0	0	0.24985
3	മൈലയ്ക്കൽ വാർഡിൽ കിണർ നിർമ്മാണം (ഷാജിദാബീവി 006/265) (1614009004/ IF/285493)	On Going	0.34848	0	0	0.11485	0	0.46	0.00526	0.00675	0	0	0	0.01201
4	നാഗരുകാവ് പ്രദേശത്തെ ഫാം പോണ്ട് നിർമ്മാണം (സതികുമാരി 14/260) (1614009004/ IF/306757)	On Going	0.5567	0	0	0.065	0	0.62	0.06838	0	0	0	0	0.06838
5	പരമേശ്വരം പ്രദേശത്ത് ഫാം പോണ്ട് രജനി 16/10 (1614009004/ IF/341523)	On Going	0.3316432	0	0	0.045	0	0.38	0.276	0	0	0	0	0.276
6	മുരുർക്കോണം വാർഡിലെ കിണർ നിർമ്മാണം രാജലക്ഷമി 13/265 (1614009004/ IF/359034)	On Going	0.0566514	0.3001646	0	0.045	0	0.4	0.06624	0.045	0	0	0	0.11124
7	മുരുർക്കോണം വാർഡിൽ കിണർ നിർമ്മാണം ശാരിക എസ് (05/297) (1614009004/ IF/361275)	On Going	0.0573886	0.3043499	0	0.045	0	0.41	0.069	0.045	0	0	0	0.114
8	ഫാംപോണ്ട് വലിയകട്ടയ്ക്കാൽ വാർഡ് രേണുക എം.എസ്.10/55 (1614009004/ IF/417515)	On Going	0.4239243	0.0064152	0	0.2281609	0	0.66	0.36708	0	0	0.022	0	0.38908
9	കീഴായിക്കോണം വാർഡിൽ ആട്ടിൻകൂട് നിർമ്മാണം അമ്പിളി 04/295 (1614009004/ IF/425081)	On Going	0.0307565	0.0357482	0.0116161	0.3483298	0	0.43	0.03036	0.0455	0	0.3236	0	0.39946
10	മണ്ഡപകുന്ന് വാർഡിൽ ഫാംപോണ്ട് നിർമ്മാണം രവീന്ദ്രൻ നായർ 15/173 (1614009004/ IF/465640)	On Going	1.095554	0.004968	0	0.050026	0	1.15	0.29896	0	0	0.022	0	0.32096
11	മുരുർക്കോണം വാർഡിൽ സോക്ക് പിറ്റ് നിർമ്മാണം നിഷാപ്രസാദ് 01/328 (1614009004/ IF/492400)	On Going	0.0135826	0.0048668	0.0056918	0.0731917	0	0.1	0.00888	0	0	0	0	0.00888

12	സോക്ക്പിറ്റ് നിർമ്മാണം-ഷീബ 03/49 (1614009004/ IF/636450)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
13	സോക്ക്പിറ്റ് നിർമ്മാണം-സരസ്വതി 03/137 (1614009004/ IF/636685)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
14	സോക്ക്പിറ്റ് നിർമ്മാണം-സീത 03/46 (1614009004/ IF/636703)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
15	സോക്ക്പിറ്റ് നിർമ്മാണം-ശോഭന 03/240 (1614009004/ IF/636724)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
16	സോക്ക്പിറ്റ് നിർമ്മാണം-സിന്ധു. ഒ-03/160 (1614009004/ IF/636771)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
17	സോക്ക്പിറ്റ് നിർമ്മാണം-ശ്യാമള. കെ 03/191 (1614009004/ IF/636776)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
18	സോക്ക്പിറ്റ് നിർമ്മാണം-ഓമന അമ്മ 03/168 (1614009004/ IF/636793)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
19	സോക്ക്പിറ്റ് നിർമ്മാണം-ലീല ഒ 03/41 (1614009004/ IF/636806)	On Going	0.0097486	0.0035931	0.0039667	0.0808362	0	0.1	0.00933	0	0	0	0	0.00933
20	സോക്ക്പിറ്റ് നിർമ്മാണം-ശാന്ത 03/159 (1614009004/ IF/636880)	On Going	0.0097486	0.0035931	0.0039667	0.0736437	0	0.09	0.00933	0	0	0	0	0.00933
21	സോക്ക് പിറ്റ് നിർമ്മാണം - ഷിജി എൽ 10/32 (1614009004/ IF/678129)	On Going	0.0124331	0.0035301	0.0046482	0.0724348	0	0.09	0.0124	0	0	0	0	0.0124
22	സോക്ക്പിറ്റ് നിർമ്മാണം-ശാന്ത-12/336 (1614009004/ IF/679673)	On Going	0.014208	0.0035301	0.0056482	0.0701134	0	0.09	0.00622	0	0	0	0	0.00622
23	സോക്ക്പിറ്റ് നിർമ്മാണം-ലീല-10/81 (1614009004/ IF/679712)	On Going	0.013426	0.0038997	0.0047162	0.0705121	0	0.09	0.01244	0	0	0	0	0.01244
24	സോക്ക്പിറ്റ് നിർമ്മാണം-വിജയ ജെ-10/314 (1614009004/ IF/679736)	On Going	0.0132456	0.0036238	0.0047162	0.06809	0	0.09	0.01244	0	0	0	0	0.01244
25	സോക്ക്പിറ്റ് നിർമ്മാണം മഞ്ജു 10/13 (1614009004/ IF/694996)	On Going	0.0136218	0.0042693	0.0044282	0.0712415	0	0.09	0.01244	0	0	0	0	0.01244

26	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം മഞ്ജു 02/33 (1614009004/ IF/696881)	On Going	0.0119717	0.0183154	0.0090754	0.1235525	0	0.16	0.00933	0	0	0	0	0.00933
27	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം സുധീന 02/68 (1614009004/ IF/696885)	On Going	0.0119717	0.0183154	0.0090754	0.1235525	0	0.16	0.00933	0	0	0	0	0.00933
28	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം സുധാകുമാരി 02/48 (1614009004/ IF/696889)	On Going	0.0119717	0.0183154	0.0090754	0.1235525	0	0.16	0.00933	0	0	0	0	0.00933
29	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ലൈലാബീവി 03/181 (1614009004/ IF/696911)	On Going	0.0119717	0.0183154	0.0090754	0.1235525	0	0.16	0.00933	0	0	0	0	0.00933
30	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം രാധാകൃഷ്ണൻ 02/132 (1614009004/ IF/696935)	On Going	0.0119717	0.0183154	0.0090754	0.1235525	0	0.16	0.00933	0	0	0	0	0.00933
31	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ലതാ വിജയൻ 02/193 (1614009004/ IF/696943)	On Going	0.0119717	0.0183154	0.0090754	0.1235525	0	0.16	0.00933	0	0	0	0	0.00933
32	കമ്പോസ്റ്റ് പിറ്റ് നിർമ്മാണം ജയശ്രീ 02/25 (1614009004/ IF/708108)	On Going	0.0119717	0.0183154	0.0090754	0.1260925	0	0.17	0.00933	0	0	0	0	0.00933
33	സോക്ക്പിറ്റ് നിർമ്മാണം സുധാകുമാരി 02/48 (1614009004/ IF/708316)	On Going	0.0123223	0.0035301	0.0046482	0.0729348	0	0.09	0.01164	0	0	0	0	0.01164
34	സോക്ക്പിറ്റ് നിർമ്മാണം സുദീന 02/68 (1614009004/ IF/708320)	On Going	0.0123223	0.0035301	0.0046482	0.0729348	0	0.09	0.01164	0	0	0	0	0.01164
34	പുതൂർ വാർഡിലെ വിവിധ വിഭാഗക്കാർക്കുള്ള കക്കൂസ് നിർമ്മാണം വനജ 009/376 (1614009004/ RS/264876)	On Going	0.012	0	0	0.108	0	0.12	0	0	0	0	0	0
35	ഊറ്റുകുഴി പൊതുകുളം പുനരുദ്ധാരണം (1614009004/ WC/127766)	On Going	0.49654	0	0	4.50346	0	5	0.2104	0	0	0	0	0.2104
36	കടമ്പറക്കോണം ഭൂതമടക്കി തോട് പുനരുദ്ധാരണവും തടയണ നിർമ്മാണവും (1614009004/ WC/404114)	On Going	0.6686766	0	0	0.055	0	0.72	0.14208	0	0	0	0	0.14208

മേൽ പ്രവൃത്തികളിൽ ക്രമനം. 8,9,10 പ്രവൃത്തികളൊഴികെ മറ്റൊന്നിനും മെറ്റീരിയൽ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല. 2023 ന് മുൻപ് ആരംഭിച്ച മേൽ പ്രവൃത്തികൾ നിലവിലും ആക്ടീവ് ആയി കാണുന്നതിന്റെ കാരണം, മെറ്റീരിയിൽ ബിൽ ഹാജരാക്കുകയോ, നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്യാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന്

സ്വീകരിച്ച നടപടിയുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/26.08.2025) 30% ചെലവ് MIS ൽ വരാത്തതിനാലാണ് വർക്ക് കംപ്ലീഷൻ നടത്താൻ സാധിക്കാത്തതെന്നാണ് അറിയിച്ചത്. ചെലവഴിച്ച തുക തിരികെ അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-9-3 മെറ്റീരിയിൽ സംഭരണം സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല

മഹാത്മാ ഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം,വിനിയോഗം തുടങ്ങിയവയ്ക്കായി പ്രൊകുയർമെന്റ് കമ്മിറ്റി, സബ്കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ പ്രൊകുയർമെന്റ് കമ്മിറ്റി, സബ്കമ്മിറ്റി അംഗങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കിയെങ്കിലും ടി കമ്മിറ്റികൾ അംഗീകരിച്ചു കൊണ്ടുള്ള ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ ഉത്തരവും കമ്മിറ്റികളുടെ മിനിട്സ് ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രൊകുയർമെന്റ് പ്ലാനുകൾ തയ്യാറാക്കാതെ ഓരോ പ്രവൃത്തിക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്ന രീതിയാണ് തുടർന്നു വരുന്നത്. സാധന സാമഗ്രികൾ ഏറ്റുവാങ്ങുന്ന എഞ്ചിനീയർ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം) തയ്യാറാക്കുകയോ സെക്രട്ടറിക്ക് കൈമാറുകയോ ചെയ്തിട്ടില്ല. ഭാവിയിൽ അപാകം ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ മേറ്റിന്റെ ഒപ്പും AE യുടെ മേലൊപ്പും അടങ്ങിയ അനുബന്ധം 5 ലുള്ള റിപ്പോർട്ട് ഒരു പ്രവൃത്തിയിലും തയ്യാറാക്കിയിട്ടില്ല. സെക്രട്ടറി ഈ രേഖ ആവശ്യപ്പെട്ടതായി കാണുന്നില്ല. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചുവെങ്കിലും ആയത് ഹാജരാക്കിയില്ല. ഇതിൽ നിന്നും സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ നടത്തുന്നതെന്ന് വ്യക്തമായിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് മാത്രം പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-4 വ്യക്തിഗത ആസ്തി നിർമ്മാണം – അപാകങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് 8.12.2022 ലെ NREGA/41/2022-B1 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഓരോ പ്രവൃത്തിയുടേയും ആരംഭത്തിന് മുൻപായി ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ നിശ്ചിത മാതൃകയിൽ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ നൽകിയിട്ടില്ലായെന്നും ഇനിമുതൽ നൽകുന്നതാണെന്നും അറിയിച്ചു.

വ്യക്തിഗത ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താവ് 20,000/- രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് വരുന്ന ആസ്തികൾ ലഭ്യമാകുന്ന അവസരത്തിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. മേൽ നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല.

ഉദാ:- കോഴിക്കൂട് നിർമ്മാണം, സുഭദ്ര, ചരുവിള പുത്തൻവീട് - IF /1006775

കോഴിക്കൂട് നിർമ്മാണം, അശ്വതി, കാർത്തിക ഭവൻ - IF /900749

വരും വർഷങ്ങളിൽ അപാകം ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

1-9-5 ടെണ്ടറുകൾക്ക് മൽസര സ്വഭാവമില്ല

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 38 ആസ്തിനിർമ്മാണ പ്രവൃത്തികൾക്ക് സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനായി ഓപ്പൺ ടെണ്ടർ ക്ഷണിച്ചിരുന്നു. ലഭ്യമായ ടെണ്ടറുകളിൽ ഓരോ റോഡിനും രണ്ടു പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തി	ടെണ്ടറിൽ പങ്കെടുത്ത വ്യക്തികൾ, കാട്ട് ചെയ്ത തുകയുടെ വിവരം	
	(1)	(2)
RC394553, ആലന്തറ മണ്ഡപം റോഡ് കോൺക്രീറ്റ്	സജിൻ.ആർ, 0.1% Below Estimate Rate	മനോജ് കെ.ബി, Estimate Rate

RC394550, ത്രിവേണി കളിയിൽ റോഡ് കോൺക്രീറ്റ്	മനോജ് കെ.ബി, 0.1% Below Estimate Rate	സജിൻ.ആർ, Estimate Rate
RC394557, ഒ.എൽ.എച്ച് കോളനി റോഡ് കോൺക്രീറ്റ്	മനോജ് കെ.ബി, 0.1% Below Estimate Rate	സജികുമാർ.സി, Estimate Rate
RC394547, പുളിയറകാവ് റോഡ് കോൺക്രീറ്റ്	എം.സലാഹുദ്ദീൻ, Estimate Rate	സജികുമാർ.സി, 0.1% Below Estimate Rate

ആകെ 6 കരാറുകാർ വിവിധ ടെണ്ടറുകളിൽ പങ്കെടുത്തുവെങ്കിലും ഇപ്രകാരം ഓരോ പ്രവൃത്തികൾക്കുമുള്ള ടെണ്ടറുകൾക്കും 2 പേർ മാത്രം പങ്കെടുത്തതിന്റെ കാരണം വ്യക്തമല്ല. കൂടാതെ മെറ്റീരിയലുകളുടെ ആകെ ആവശ്യകത പരിഗണിച്ച് സാധന സാമഗ്രികളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപ്പാക്കാത്തതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല. ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കേണ്ടതാണ്.

1-9-6 മിഷൻ ഡയറക്ടറുടെ സർക്കുലറിന് വിരുദ്ധമായി കരാറുകാരന് തുക അനുവദിച്ചു.

പ്രവൃത്തിയുടെ പേര് - ത്രിവേണി കളിയിൽ വീട് റോഡ് കോൺക്രീറ്റ്

വർക്ക് കോഡ് - RC/394550

എം.ബുക്ക് നം. - 90/2024-25

ഭരണാനുമതി നം. - 29(4)/2023-24 / 30.10.2023

സാങ്കേതികാനുമതി നം - 246/TS/LSGD/MGNREGS/2023-24 തീയതി 31.10.2023

അടങ്കൽ തുക – 4,99,467/-

കരാറുകാരന്റെ പേര് - മനോജ് കെ.ബി

മിഷൻ ഡയറക്ടറുടെ 17.8.2022ലെ NREGA/724/2022-A3 നമ്പർ കത്ത് പ്രകാരം ടെണ്ടർ നൽകുന്ന കരാറുകാരൻ സിമന്റ് വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.ടി ബില്ലിൽ, നൽകുന്ന ബ്രാന്റിന്റെ പേര്(വ്യത്യസ്ത ബ്രാന്റുകൾക്ക് വ്യത്യസ്ത വിലയായതിനാൽ) യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ മനോജ് കെ.ബി സിമെന്റ് സപ്ലൈ ചെയ്തതിന് ഹാജരാക്കിയ പർച്ചേസ് ബില്ലിൽ സിമെന്റിന്റെ ടണ്ണിലുള്ള അളവും നിരക്കുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മിഷൻ ഡയറക്ടറുടെ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (65/29.08.2025) മറുപടിയായി ബിൽ ശ്രദ്ധിച്ചിരുന്നില്ലായെന്നും ഭാവിയിൽ അപാകം ഒഴിവാക്കുന്നതാണെന്നും അറിയിച്ചു. മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-7 റോഡ് നിർമ്മാണ പ്രവൃത്തികളുടെ Skilled/Semiskilled മസ്റ്റർ റോളുകളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുന്നില്ല.

റോഡ് നിർമ്മാണ പ്രവൃത്തികളുടെ Skilled/Semiskilled തൊഴിലാളികൾക്ക് വേതനം നൽകുന്നതിനായി ജനറേറ്റ് ചെയ്ത മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. പകരം ഇ മസ്റ്റർ റോളുകളിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. മാനുവൽ മസ്റ്ററർ റോളുകളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുവാൻ വിട്ടുപോയെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (65/29.08.2025) മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മാനുവൽ മസ്റ്ററർ റോളുകളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-9-8 തോട് പുനരുദ്ധാരണം - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കിയില്ല

വർക്ക് കോഡ് -161400904/WC/58219

അടങ്കൽ തുക – 3,00,000/-

ചെലവ് തുക - 1,86,349/-

പുതൂർ വാർഡിലെ വെട്ടുവിള മുതൽ മൂളയം പാലം വരെ തോട് നീരരുവി പദ്ധതിയിൽ ഉൾപ്പെടുത്തി തോട് പുനരുദ്ധാരണവും കയർഭൂവസ്ത്രം വച്ചുപിടിപ്പിക്കലും എന്ന പദ്ധതിയുടെ Detail Estimate -ൽ കയർ ഭൂവസ്ത്രം, മുളങ്കമ്പുകൾ എന്നിവ തോട് പുനരുദ്ധാരണത്തിന് ഉപയോഗിക്കേണ്ടതാണെന്നുണ്ട്. (Item No. 80.8.49, 80.8.59, 80.8.63). എന്നാൽ കയർ ഭൂവസ്ത്രം, മുള എന്നിവ ഇതിനായി വാങ്ങിയതായോ ഉപയോഗിച്ചതായോ എം. ബുക്കിൽ കാണുന്നില്ല. ഇവയൊഴികെയുള്ള പ്രവൃത്തികൾക്കാണ് മനുഷ്യദിനം വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർണ്ണമായും നടപ്പാക്കാത്തതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (51/27.08.2025) പ്രവൃത്തി സ്ഥലത്ത് പ്രതികൂല സാഹചര്യമായതിൽ പ്രവൃത്തി ഉപേക്ഷിച്ചുവെന്നാണ് അറിയിച്ചത്. തോട് പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9-9 ജി.എസ്.ടി ബില്ലിന്റെ അഭാവത്തിൽ തുക അനുവദിച്ചു

പ്രവൃത്തിയുടെ പേര് - കാലിത്തൊഴുത്ത് നിർമ്മാണം, വസന്തകുമാരി 02/61 പാലകുന്ന് വീട്

വർക്ക് കോഡ് - IF/1091578

എം.ബുക്ക് നം- 73/24-25

പദ്ധതിയുടെ മെറ്റീരിയൽ തുകയായി 64,313/- രൂപ ബിൽ നം. 137/23.11.2024 പ്രകാരം അനുവദിച്ചിട്ടുണ്ട്. MIS സോഫ്റ്റ്വെയറിൽ Material Procured എന്ന് രേഖപ്പെടുത്തി തുക കൈമാറിയിട്ടുള്ള ചുവടെ ചേർക്കുന്ന സാധനങ്ങളുടെ പർച്ചേസ് ബിൽ ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

Item	Unit Price	Quantity	Amount Paid To Vendor
0293 – Stone Aggregate (Single Size) – 40mm Nominal Size	2425.5	1.19	2886.345
0297 – Stone Aggregate (Single Size) – 10mm Nominal Size	3103.8	0.05	155.19

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (63/29.08.2025) പ്രസ്തുത സാധനങ്ങൾ വളരെ ചെറിയ അളവിലായതിനാൽ ഗുണഭോതാക്കൾ ലോക്കലായി കണ്ടെത്തിയതാണെന്നും ആയതിനാലാണ് ജി.എസ്.ടി ബിൽ ഫയലിൽ ഉൾപ്പെടാത്തതെന്നും അറിയിച്ചു. ജി.എസ്.ടി ബില്ലുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് (AFS പ്രകാരം)
ഭരണചെലവുകൾ	0	1800001	1800001	1800011	0*
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	41593770	41593770	41593770	0
ആകെ	0	43393771	43393771	43393781	0*

ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണചെലവ് 18,37,751/- രൂപയും AFS പ്രകാരമുള്ള ചെലവ് (ഹെഡ് കോഡ് 256100116) 18,00,001/- രൂപയുമാണ്.
* ഖ 1-1-12ൽ അപാകത പരാമർശിച്ചിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12.12.22 – 15.12.22	2021-22	റിപ്പോർട്ട് ലഭ്യമായില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	10.10.22 – 17.10.22	2017-18 To 2021-22	08.11.22

1-11-1 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 1,7 എന്നീ വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരം മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

വാർഡ് നം.	വീട് നമ്പർ	ഉടമയുടെ പേര്	തറ വിസ്തീർണ്ണം
1	34	ഷെമീന	താഴത്തെ നില (63ച.മീ)
1	96	രത്നമ്മ	താഴത്തെ നില (85 ച.മീ)
1	161	വൽസല	താഴത്തെ നില (76ച.മീ)
1	227	ശൈലജ	താഴത്തെ നില (76ച.മീ)
1	281	സുരേഷ് ബാബു	താഴത്തെ നില (62ച.മീ)
1	326	രവീന്ദ്രൻ നായർ	താഴത്തെ നില (72ച.മീ)
1	341	സുനിൽകുമാർ.ആർ	താഴത്തെ നില (128ച.മീ)
1	450	പത്മനാഭപിള്ള	താഴത്തെ നില (64ച.മീ)
1	459	അനിൽകുമാർ	താഴത്തെ നില (91ച.മീ)
1	461	ബിന്ദു	താഴത്തെ നില (63ച.മീ)

1	475	സജീവ്	താഴത്തെ നില (64 ച.മീ)
1	514	സുമതി	താഴത്തെ നില (83ച.മീ)
1	518	കലേഷ്	താഴത്തെ നില (73ച.മീ)
1	526	ശ്രീലത കുമാർ	താഴത്തെ നില (72ച.മീ)
7	681	സുജ	താഴത്തെ നില (75 ച.മീ)
7	731	ബേബി	താഴത്തെ നില (78ച.മീ)
7	853	കമലമ്മ	താഴത്തെ നില (98ച.മീ)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/21.08.2025) ഫീൽഡ് തല പരിശോധന നടത്തി അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് രേഖപ്പെടുത്തി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-2 കെ സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018 ലെ സി 3 6865/11 നമ്പർ സർക്കുലർ പ്രകാരം സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് 2013 മുതലുള്ള വസ്തു നികുതി നിർണയം അന്തിമമാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള നികുതി നാളിതുവരെയും നിർണയിച്ചിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരം കെസ്മാർട്ട് മുഖേന പോർട്ട് ചെയ്തതായും കാണുന്നില്ല. ഉദാഹരണം ചുവടെ.

SI NO.	Building ID In Sanchaya	Ward Number	Door Number/ Sub Number	Ownername	File Status In Sanchaya	K Smart Status
1	50248010004933	4	95	SAROJINI	DE Ongoing	Not Ported
2	50248010014168	11	302/A	SUDARSANAN/SALINI	Approved	Not Ported
3	50248010014266	13	208	Sree Bhadra Ganapathi Temple	Approved	Not Ported
4	50248010010861	15	13/A	Shyamala.N	DE Ongoing	Not Ported
5	50248010010950	15	301/A	K.Chellamma	DE Ongoing	Not Ported

പരാമർശിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തി പ്രസ്തുത വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്ത് കെ സ്മാർട്ടിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/21.08.2025) മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-3 വസ്തു നികുതി പരിഷ്കരണം-എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023 ന് ശേഷം വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കൂടാതെ 2024-25 വർഷം ഇപ്രകാരമുള്ള നികുതിയുടെ 5 % വർദ്ധനവും വരുത്തിയിട്ടില്ല. വാർഡ് 1, 2 മാത്രം പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	കെട്ടിട നം.	സബ് നം.	കെട്ടിട ഉപയോഗം	വിസ്തീർണം	01.04.2023 മുതൽ		01.04.2024 മുതൽ	
					ഈടാക്കേണ്ട നിരക്ക്	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നിരക്ക്	ഈടാക്കിയ നികുതി നിരക്ക്
1	36	A	വാണിജ്യാവശ്യം (100 ച.മീ വരെയുള്ളവ)	68.79	55	50	57.75	52.5
1	90	B	പാർപ്പിടാവശ്യം	67.5	6	5	6.3	5.25
1	171	B	പാർപ്പിടാവശ്യം	91.3	6	5	6.3	5.25
2	63	B	പാർപ്പിടാവശ്യം	107.54	6	5	6.3	5.25
2	180	B	പാർപ്പിടാവശ്യം	177.07	6	5	6.3	5.25
2	241	A	പാർപ്പിടാവശ്യം	131.448	6	5	6.3	5.25

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/25.08.2025) മറുപടിയായി 2023-24 ഒന്നാം അർദ്ധവർഷം മുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നത് വരെയുള്ള കാലയളവിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള ക്രമീകരണം

ഐ.കെ.എം സഞ്ചയ സോഫ്റ്റ്വെയറിൽ ഏർപ്പെടുത്തിയിരുന്നില്ലായെന്നും അപാകം പരിഹരിക്കുന്നതിനുള്ള സൗകര്യം കെ - സ്മാർട്ടിൽ ലഭ്യമാകുന്ന മുറയ്ക്ക് 2023-24 ഒന്നാം അർദ്ധ വർഷം മുതൽ അസസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതാണെന്ന് അറിയിച്ചു. നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-4 അടിസ്ഥാന വസ്തു നികുതി നിരക്ക് തെറ്റായി രേഖപ്പെടുത്തി നികുതി നിർണയിച്ചു

എ) കുറഞ്ഞ അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി നിർണ്ണയിച്ചു.

01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6 രൂപയും 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 8 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 01.04.2024 മുതൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 6.3 രൂപയും 8.4 രൂപയുമാണ്. എന്നാൽ താഴെപ്പറയുന്ന 347.13 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തെ "300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 6.3 രൂപ നിരക്കിലാണ് 2024 രണ്ടാം അർദ്ധവർഷത്തിൽ വസ്തു നികുതി നിർണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം.	ഉടമ	വിസ്തീർണം (ചതുരശ്ര മീറ്റർ)	നികുതി നിർണയിച്ചത്
5/59/G	മോഹൻദാസ്, ജയ	347.13	2024 രണ്ടാം അർദ്ധവർഷം

ഇനം	ഈടാക്കിയത് (രൂപ)	ഈടാക്കേണ്ടത് (രൂപ)
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ)	6.3	8.4
അടിസ്ഥാന വസ്തു നികുതി	2186.919	2915.892
(-)ഇളവ്	ഇല്ല	ഇല്ല
(+)വർദ്ധനവ് (ആകെ 45%)	984.1135	1312.1514
ആകെ വസ്തു നികുതി	3172	4228
ലൈബ്രറി സെസ്സ്	159	211
ആകെ നികുതി	3331	4439

പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ച് ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിന് (29/25.08.2025) മറുപടി ലഭ്യമാക്കി. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ബി) കൂടിയ അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി നിർണ്ണയിച്ചു.

01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6 രൂപയും 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 8 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 01.04.2024 മുതൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 6.3 രൂപയും 8.4 രൂപയുമാണ്. എന്നാൽ 143.6 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള 10/493/C കെട്ടിടത്തെ "300 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുര ശ്ര മീറ്ററിന് 8.4 രൂപ നിരക്കിലാണ് 2024 ഒന്നാം അർദ്ധവർഷത്തിൽ വസ്തു നികുതി നിർണയിച്ചത്. പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ച് ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിന് (60/27.08.2025) മറുപടി ലഭ്യമാക്കി. വസ്തു നികുതി നിർണയത്തിൽ കൃത്യത ഉറപ്പാക്കേണ്ടതാണ്.

1-11-5 വസ്തു നികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് നികുതി പുനർ നിർണയിച്ചിട്ടില്ല.

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023 -നകം പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്. .

2) കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ് വെയറിൽചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (17/21.08.2025) വിവര ശേഖരണത്തിനായി 10 പേർ പങ്കെടുത്തതായും, വിവരശേഖരണ നടപടികൾ പൂർത്തിയായിട്ടില്ലായെന്നും അറിയിച്ചു. പൂർത്തിയായ

വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള സൌകര്യം ലഭിച്ചിട്ടില്ലായെന്നും ആയത് ലഭ്യമായാൽ മാത്രമേ ഡിമാന്റ് പരിഷ്ക്കരിക്കാൻ സാധിക്കുകയുള്ളൂവെന്നും മറുപടി ലഭ്യമാക്കി. ലഭ്യമായ വിവരങ്ങൾ പ്രകാരം ഡിമാന്റ് പരിഷ്ക്കരിച്ച് വസ്തു നികുതി പുനർ നിർണയം നടപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-6 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം

100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 2023 മാർച്ച് 31 വരെ 60 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 50 രൂപ കണക്കാക്കി വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട ഐ.ഡി	കെട്ടിട നം.	ഉടമയുടെ പേര്	തറ വിസ്തീർണ്ണം (M2)	നികുതി നിലവിൽ വന്ന അർദ്ധവർഷം
1	50248010013870	6/13/A	Abdul Salam	143.93	2019 ഒന്നാം അർദ്ധവർഷം
2	50248010012196	15/270/A	Sheejakumari	152.91	2015 ഒന്നാം അർദ്ധവർഷം മുതൽ

പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ച് ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിന് (68/29.08.2025) മറുപടി ലഭ്യമാക്കി. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-11-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

Sl.No	Building ID	Door NO	Owner Name	Owner Address	നികുതി കുടിശ്ശികയായ അർദ്ധ വർഷം	അടവാക്കേണ്ട തുക
1	50248010011070	04/65/A	Manager Bharathi Infracal LTD	Bharathi Infracal LTD	2013 ഒന്നാം അർദ്ധ വർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ	84218
2	50248010005520	4/271	MANAGER BHARATHI ARATHI MOBILE	BHARATHI ARATHI MOBILE	2013 ഒന്നാം അർദ്ധ വർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ	84218
3	50248010011697	7/951/A	General Manger Sub Division Engineer	Telecom Civil Sub Division	2019 ഒന്നാം അർദ്ധ വർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ	34565

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ നിലവിലെ വിവരം, തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (69/29.08.2025) മറുപടിയായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതായി അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-8 നിലവിലുള്ള കെട്ടിടത്തിന്റെ വിവരം - സഞ്ചയയും സൈറ്റ് പ്ലാനും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കെട്ടിടത്തോടൊപ്പം അധിക നിർമ്മാണം നടത്തിയ (എക്സ്റ്റൻഷൻ) ഫയലുകൾ പരിശോധിച്ചതിൽ, സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള നിലവിലെ കെട്ടിടങ്ങളുടെ (Existing Building) വിസ്തീർണവും അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാനിലെ/ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ പെർമിറ്റിലെ Existing Building ന്റെ വിസ്തീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ/തീയതി	A3-4195/2024, 28/05/2024
കെട്ടിട ഉടമ	ബാബു.എം
നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ (Existing Building)	8/272

സഞ്ചയ പ്രകാരമുള്ള Existing Building വിസ്തീർണം(ച.മീ)	88
കെട്ടിട നിർമ്മാണ പ്ലാൻ/പെർമിറ്റ് പ്രകാരമുള്ള Existing Building വിസ്തീർണം (ച.മീ)	117.15
ഉപയോഗക്രമം	പാർപ്പിടാവശ്യം

നികുതി പുനർനിർണ്ണയിച്ച് ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിന് (59/27.08.2025) മറുപടി ലഭ്യമാക്കി. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-11 വസ്തു നികുതി - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നു കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഡാറ്റാബേസ് പൂർണ്ണമല്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇപ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളുടെയും വിശദാംശം അടങ്ങിയ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/25.08.2025) മറുപടി ലഭ്യമാക്കി.

2) പിഴപ്പലിശ കുറഞ്ഞ നിരക്കിൽ ഈടാക്കി

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205 എഫ്(2) പ്രകാരം എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിനു മുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തി വിശദാംശങ്ങൾ സഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (E) അനുസരിച്ച് നിജപ്പെടുത്തിയിരുന്ന 1 % പലിശ 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് നമ്പർ 15 (2)/ലെഗ്-എ2/2023/നിയമം തീയതി 28.03.2023 പ്രകാരം 2 % ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. സമയപരിധിയ്ക്ക് ശേഷം തുക അടവാക്കിയതിന് 2 % പിഴപ്പലിശ ഈടാക്കാവുന്നതാണ്. ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പ്രതിമാസം 1% നിരക്കിലാണ് പിഴപ്പലിശ ഈടാക്കിയിട്ടുള്ളത്.

ക്രമ നം.	സ്ഥാപനം	അടവാക്കിയ തുക	ഈടാക്കിയ പിഴ	ഒടുക്കിയ തീയതി
1	പാലോട് കാർഷിക വികസന ബാങ്ക്	4750	48	04/10/2024
2	എച്ച്.ഡി.എഫ്.സി	6250	63	09/10/2024
3	നെടുമങ്ങാട് താലൂക്ക് ഗവ. സർവീസ് സഹകരണ സംഘം	2500	25	30.10.2024
4	ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് സൊസൈറ്റി	450	5	10/10/2024
5	ത്രിവേണി ഗോഡൌൺ	1500	15	25/10/2024
6	ആരാമം റോക്ക്സ്	39350	394	14/10/2024

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമായ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസിൽ പിഴപലിശ നിരക്ക് 1% എന്ന നിരക്കിൽ രേഖപ്പെടുത്തിയതിലാണ് ഇത്തരത്തിൽ പിഴ

ഈടാക്കിയതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/25.08.2025) മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. നിശ്ചിത നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതാണ്.

3) ചുവടെ ചേർക്കുന്ന സ്ഥാപത്തിലെ ജീവനക്കാരിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
യോഗ് ലോൺസ്	ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ

തൊഴിൽ നികുതി ഒടുക്കുന്നതിനായി നോട്ടീസ് നൽകിയതായി ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/25.08.2025) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

4) കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205(ഐ) പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ വാർഡ്തിരിച്ചുള്ള സ്ഥാപനങ്ങളുടെ വിവരവും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരവും ലഭ്യമല്ല. വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/25.08.2025) മറുപടി ലഭ്യമാക്കി.

1-13 തീയേറ്റർ ലൈസൻസില്ലാതെയും വിനോദ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന സിന്ധു തീയേറ്ററിന്റെ 01/09/2019 മുതൽ 31/03/2024 വരെയുള്ള വിനോദ നികുതി 10,37,703/- രൂപ (നികുതി - 787797 + പിഴപ്പലിശ – 249906) 10 ദിവസത്തിനകം അടവാക്കണമെന്ന് 03.07.2024 ൽ തീയേറ്റർ മാനേജർക്ക് പഞ്ചായത്ത് കത്ത് നൽകിയിരുന്നു. തുക ഗഡുക്കളായി അടവാക്കാൻ അനുമതി നൽകണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ 27.07.2024 ലെ 10(1) ഭരണസമിതി തീരുമാന പ്രകാരം തുക അഞ്ച് തുല്യ ഗഡുക്കളായി ആറ് മാസകാലയളവിനുള്ളിൽ ഒടുക്കുവാനും, 2024 ഏപ്രിൽ മാസം മുതൽ 2024 ജൂലൈ മാസം വരെയുള്ള വിനോദ നികുതി ഒടുക്കി ബാധ്യത ഒഴിവാക്കി തീയേറ്ററിന്റെ ലൈസൻസ് പുതുക്കി നേടുവാനും തീയേറ്റർ മാനേജർക്ക് 08/08/2024 ൽ കത്ത് നൽകി. ഇതിനെ തുടർന്ന് 7,97,635/- രൂപ ഒടുക്കിയതായും അവശേഷിക്കുന്ന 2,40,068/- രൂപ പിഴപലിശ ഉൾപ്പെടെ കാലതാമസം കൂടാതെ കൂടാതെ ഒടുക്കുന്നതാണെന്നും അറിയിച്ചതായി മറുപടി ലഭ്യമാക്കി. സിന്ധു തീയേറ്ററിന് അവസാനമായി ലൈസൻസ് അനുവദിച്ചത് 2023-24 സാമ്പത്തിക വർഷമാണ്.

ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയതായി മറുപടി ലഭ്യമാക്കി. ലൈസൻസില്ലാതെ തീയേറ്റർ പ്രവർത്തിപ്പിച്ചതിന്മേൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതും വിനോദ നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എൻകെയറി നം - 38/25.08.2025

1-14 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പ്രീ-പ്രൈമറി ഉൾപ്പെടെ എല്ലാ സ്കൂളുകൾക്കും അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകണം എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ സർക്കുലർ നം. 792455/EW3/2016/തസ്വഭവ. പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹരിത മിത്രം ആപ്പ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

CUSTOMER NUMBER	CUSTOMER NAME	BUILDING TYPE	Name Of The Institution
NLD-010-000049	Vijayan	Educational Institution	Blue Mount
NLD-014-000085	Jyothis Chandran	Educational Institution	Jyothis Public School
NLD-006-000326	Rajendran Nair	Educational Institution	Rahmaniya English Medium School
NLD-006-000744	Shailaja	Educational Institution	Panayaram Sisumandiram
NLD-007-000259	Rajani	Educational Institution	Nizamiya Royal Kids

മേൽ സ്ഥാപനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കാത്തതിനാലാണ് ഫിറ്റ്നസ് അനുവദിക്കാത്തതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.28/തീ.25.08.2025) മറുപടി ലഭ്യമാക്കി. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഫിറ്റ്നസ് ഉറപ്പാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-15 നികുതി-നികുതിയേതര വരവുകൾ പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക (രൂ.)
Receivables For Property Tax On Residential Buildings (Current)	24,948
Receivables For Property Tax On Residential Buildings (Arrears)	75,576

Receivables For Property Tax On Non-Residential Building (Current)	1,36,383
Receivables For Property Tax On Non-Residential Buildings (Arrears)	3,78,072
Receivables For Advertisement Tax (Arrears)	94,500
Rent Receivables From Buildings (Current)	62,713
Rent Receivables From Buildings (Arrears)	8,37,889
Receivables Towards Market Receipts (Arrears)	3,19,871
Receivables Towards Public Comfort Station (Arrears)	53,000
Receivables Towards Usufructs Of Trees (Arrears)	500

സ.ഉ.(സാധാ)നം.2858/2024/ധന. തീ.22.03.2024, സ.ഉ.(സാധാ)നം.179/2022/ധന. തീ.18.10.2022 എന്നിവ പ്രകാരം സാമ്പത്തിക വർഷത്തിൽ തനത് നികുതി നികുതിയേതര പിരിവ് 90% പൂർത്തിയാക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ പൊതു വിഭാഗം ഫണ്ടിൽ നിന്നും 1% തുക കുറവ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ.21.08.2025) മറുപടിയായി ഗ്രാമപഞ്ചായത്തിൽ നികുതി-നികുതിയേതര വരവുകൾ പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ടെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചു. കുടിശ്ശിക തുകകൾ പൂർണ്ണമായും പിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.124/2022/തസ്വഭവ., തീ.15.06.2022 പ്രകാരം കെട്ടിട നികുതിയിൽ വൻ കുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക പ്രാദേശിക സർക്കാർ നോട്ടീസ് ബോർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ നികുതി-നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഇതിൽ ഏത് തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. മേൽ ഉത്തരവ് പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/തീ.21.08.2025) സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-17 മഴക്കാല പൂർവ ശുചീകരണത്തിനായി ശുചിത്വ മിഷൻ വിഹിതമായി തനത് ഫണ്ടിൽ നിന്ന് അനുവദിച്ച തുക റീക്കൂപ്പ് ചെയ്തില്ല – 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഫയൽ നം. - 6353/24

മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ ഫണ്ട് ലഭിക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും വാർഡൊന്നിന് 10,000/- രൂപ നിരക്കിൽ ചെക്ക് നം. 56243/30.10.2024 പ്രകാരം 1,60,000/- രൂപ അഡ്വാൻസ് നൽകിയിരുന്നു. ടി തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.73/തീ.29.08.2025)ന് മറുപടി ലഭ്യമാക്കിയില്ല. തുക റീക്കൂപ്പ് ചെയ്ത് വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നത് വരെ 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 വാഹന ഇൻഷ്വറൻസ് - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുത്തില്ല

ഫയൽ നം. - 8566/24

പഞ്ചായത്ത് വക KL–16-Z-2129 വാഹനത്തിന്റെ ഇൻഷ്വറൻസ് എടുത്തതിനായി ചെലവായ 19,230/- രൂപ ഡ്രൈവർക്ക് ചെക്ക് നം. 56234/28.10.2024 പ്രകാരം അനുവദിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഇൻഷ്വറൻസ് നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നാണ് എടുത്തിട്ടുള്ളത്. ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.73/തീ.29.08.2025) മറുപടി ലഭ്യമാക്കിയില്ല. ഔദ്യോഗിക വാഹനത്തിന്റെ ഇൻഷ്വറൻസ്, കേരള സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം

പ്രോജക്ട് നം./പേര്	168/25 - (സ്പിൽ ഓവർ) - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ	രൂ.14,00,000/- (വികസന ഫണ്ട് എസ്.സി.പി - 1200000/-, തനത് ഫണ്ട് - 200000/-)
ചെലവ്	രൂ.11,90,000/- (വികസന ഫണ്ട് എസ്.സി.പി - 1160000/-, തനത് ഫണ്ട് - 30000/-)
ബിൽ നം./തീയതി/തുക	143/18.07.2024 - രൂ.80,000/- 164/30.07.2024 - രൂ.40,000/- 352/12.12.2024 - രൂ.3,20,000/- 410/24.12.2024 - രൂ.1,60,000/- 570/06.03.2025 - രൂ.30,000/- 571/06.03.2025 - രൂ.40,000/- 640/12.03.2025 - രൂ.30,000/- 641/12.03.2025 - രൂ.30,000/- 705/19.03.2025 - രൂ.80,000/- 802/25.03.2025 - രൂ.30,000/- (തനത് ഫണ്ട്) 72/09.05.2024 - രൂ.50,000/- 74/09.05.2024 - രൂ.50,000/- 75/09.05.2024 - രൂ.50,000/- 76/09.05.2024 - രൂ.50,000/- 77/09.05.2024 - രൂ.50,000/- 78/09.05.2024 - രൂ.50,000/- 79/09.05.2024 - രൂ.50,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ടിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	പേര്	കൈപ്പറ്റിയ തുക
1	സുനിത എസ്./മഹേഷ് എം. എസ്.	രൂ.1,70,000
2	മോളി സി. എസ്./സജിൻ എസ്.	രൂ.1,70,000

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ അവസാന ഗഡു അനുവദിക്കുന്നതിനായി സ്പിൽ ഓവറായി പദ്ധതി ഏറ്റെടുത്തതായി ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/തീ.20.08.2025) മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു അനുവദിച്ച് വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-20 പാഥേയം പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

2024-25 സാമ്പത്തിക വർഷത്തിലെ പാഥേയം പ്രോജക്ടിൽ പഞ്ചായത്ത് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം 5 ജനറൽ വിഭാഗക്കാർക്കും 4 എസ്.സി. വിഭാഗക്കാർക്കുമായി ഒരു വർഷത്തേക്ക് യഥാക്രമം 30,240/-, 21,600/- എന്നിങ്ങനെ ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തി സംയുക്ത പ്രോജക്ടായി നടപ്പാക്കണമെന്ന് 13.12.2023ലെ നം.പി.എൽ.എ.ജി-2000/2024-25/ഡി.പി.സി/ഡി.പി.ഒ/തിരു. സംയുക്ത പ്രോജക്ട് ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പാഥേയം പദ്ധതിയ്ക്കായി തൻവർഷം പ്രോജക്ട് നം. 05/25 പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 1/- രൂപ മാത്രമാണ് വകയിരുത്തിയത്. കൂടാതെ 258/25, പാഥേയം (സ്പിൽ ഓവർ) പദ്ധതിയ്ക്കായി വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതവും (1,03,680/- രൂപ) തൻവർഷം ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.67/തീ.29.08.2025)ന് പാഥേയം പദ്ധതിയ്ക്ക് കുടുംബശ്രീ അക്കൗണ്ടിൽ തുക ബാക്കിയുണ്ടായിരുന്നത് കൊണ്ടാണ് ഡി.പി.സി. നിർദ്ദേശ പ്രകാരം 1/- രൂപ മാത്രം വകയിരുത്തി ഡി.പി.സി. അംഗീകാരം വാങ്ങിയതെന്നും അറിയിച്ചു. ഇതിനെ തുടർന്ന് പാഥേയം പദ്ധതിയ്ക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും ഉൾപ്പെടയുള്ള തുക ലഭിക്കുന്ന കുടുംബശ്രീ അക്കൗണ്ടിന്റെ വരവ് (പലിശ ഉൾപ്പെടെ), ചെലവ്, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ പാസ്ബുക്കിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.74/തീ.29.08.2025) ലഭ്യമായ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് (01.04.2024)	രൂ.3,10,140/-
വരവ്	രൂ.8,223/- (പലിശ)
ചെലവ്	രൂ.23,560/-

നീക്കിയിരിപ്പ് (31.03.2025)	രൂ.2,94,803/-

മറുപടിയോടൊപ്പം ലഭ്യമാക്കിയ പാസ്ബുക്കിന്റെ പകർപ്പ് പരിശോധിച്ചതിൽ 23.04.2024 തീയതിയിൽ "Cash Paid To Vasantha" എന്ന് രേഖപ്പെടുത്തി 23,560/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പാഠേയം പദ്ധതിയ്ക്കായി ലഭിച്ച ഗ്രാമ-ജില്ലാപഞ്ചായത്ത് വിഹിതം യഥാസമയം ചെലവഴിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സംബന്ധിച്ച് നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 3,64,434/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ഭൂഗർഭജല വകുപ്പിന് പഞ്ചായത്തിൽ നിന്നും നിക്ഷേപ തുക കൈമാറിയിട്ടുണ്ട്.

ക്രമ നം.	പദ്ധതിയുടെ പേര്	ഒടുക്കിയ തുക	ബിൽ നം./തീയതി
1	350/25 ഭൂതമടക്കി MCF കുഴൽക്കിണർ	രൂ.1,24,691 (തനത് ഫണ്ട്)	775/25.03.2025
2	351/25 KSRTC Take A Break കുഴൽക്കിണർ നിർമ്മാണം	രൂ.1,22,034 (CFC ഗ്രാന്റ്)	777/25.03.2025
3	325/25 Take A Break കുഴൽക്കിണർ നിർമ്മാണം	രൂ.1,17,709 (CFC ഗ്രാന്റ്)	776/25.03.2025

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന അന്വേഷണത്തിന് (നം. 6) പ്രസ്തുത പദ്ധതികളുടെ രണ്ടാംഘട്ട തുക തുടർ വർഷത്തിൽ അടവാക്കിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ 3,64,434/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിശ്ചിത മാതൃകയിലെ കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്രട്ടറി മാത്രമാണ് ആയതിൽ ഒപ്പിട്ടിട്ടുള്ളത്. രണ്ട് ഘട്ടമായി തുക അടവാക്കേണ്ടതുള്ളതിനാലാണ് കരാർ ഒപ്പിടാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. നിക്ഷേപത്തുക കൈമാറുന്നതിന് മുമ്പ് തന്നെ കൃത്യമായ കരാർ ചമയ്ക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ട് നം. 252/25 മാർക്കറ്റിന്റെ കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചതായി ഭൂഗർഭ ജലവകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ അക്കൗണ്ടിൽ ശേഷിക്കുന്ന 1,821/- രൂപ തിരികെ ലഭ്യമാക്കുന്നതിനായി സ്ഥാപനത്തിന്റെ അക്കൗണ്ട് വിവരങ്ങൾ അറിയിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 ഇംഗ്ലീഷ് പരിപോഷണ പരിപാടി - തുക 18,100/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	124/25
പ്രോജക്ടിന്റെ പേര്	നെല്ലനാട് ഇംഗ്ലീഷ് പരിപോഷണ പരിപാടി
നിർവ്വഹണം	ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്, ആലന്തറ
അടങ്കൽ	1,29,465/- രൂപ (വികസന ഫണ്ട് – ജനറൽ)
ചെലവ്	18,100/- രൂപ
ബിൽ നം./തീയതി	801/25.03.2025

സ്ക്കൂൾ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം നേടുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠനം പിന്നാക്കം പോകുന്നതിനാൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ സമിതി മുന്നോട്ടുവെച്ച ആശയമാണ് പ്രസ്തുത പദ്ധതിയെന്നാണ് ഇതു സംബന്ധിച്ച എൻകെയറിക്ക് (നം. 21) ലഭ്യമാക്കിയ മറുപടി. എന്നാൽ ഇപ്രകാരമൊരു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുള്ളതായി കാണുന്നില്ല.

3, 6 ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി എന്നാണ് ഫയലിൽ രേഖപ്പെടുത്തിക്കാണുന്നത്. പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികളാണ് പഠനത്തിൽ പിന്നോക്കം പോകുന്നത് എന്നാണ് ആയതിന് ലഭിച്ച മറുപടി. കുട്ടികളെ തെരഞ്ഞെടുത്തത് എന്തടിസ്ഥാനത്തിലെന്നോ എത്ര കുട്ടികളെ ഉൾപ്പെടുത്തിയെന്നോ സ്ക്കൂളുകളിൽ അദ്ധ്യയനത്തിന് ആവശ്യത്തിന് സമയവും അദ്ധ്യാപകരും ഉള്ള ഒരു വിഷയത്തിന് ഇപ്രകാരം ഒരു പദ്ധതി രൂപീകരിച്ചതെന്തിനെന്നോ വ്യക്തമല്ല. ഒന്ന് മുതൽ ഏഴ് വരെ ഉള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് പഠനം ശാക്തീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസവകുപ്പ് എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഹലോ ഇംഗ്ലീഷ് പദ്ധതിയും നിലവിലുള്ളതാണ്.

പേപ്പർ, മാർക്കർ, സ്കെച്ച് പേന, ഫോട്ടോകോപ്പി എന്നിവയ്ക്ക് 6,060/-രൂപയും Cursive Writing പുസ്തകം 250 എണ്ണം വാങ്ങുന്നതിന് 12,040/- രൂപയുമാണ് പദ്ധതി പ്രകാരം ചെലവ് വന്നിട്ടുള്ളത്. ഇവയൊക്കെ എപ്രകാരം ഉപയോഗിച്ചെന്നോ ആർക്ക് വിതരണം ചെയ്തെന്നോ ഉള്ള രേഖകളൊന്നും ഫയലിൽ

ലഭ്യമല്ല. അടങ്കൽ തുക എപ്രകാരം വിനിയോഗിക്കണമെന്നും പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നില്ല. പുസ്തകങ്ങൾ കൈപ്പറ്റിയെന്ന വിവിധ സ്ക്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ രസീത് മാത്രമാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയത്. ആകയാൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയതിനാലും, വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമർപ്പിച്ചിട്ടില്ലാത്തതിനാലും, പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, 2024-25 വർഷത്തെ പദ്ധതിച്ചെലവ്, പദ്ധതിപൂർത്തീകരണത്തിനായി എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട് എന്നിവയുടെ അഭാവത്താലും ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

പൊതുപണം ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ഓഡിറ്റിന് ലഭ്യമാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ – നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം.	122
പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ
നിർവ്വഹണം	ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്, ആലന്തറ
അടങ്കൽ	രൂ.30,000/-
ചെലവ്	രൂ.16,800/- (വികസന ഫണ്ട്, പൊ.വി.)
ബിൽ നം./തീയതി/ തുക	648/14.03.2025 – രൂ.16,800/-

വിവിധ കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് സാമ്പത്തിക പരാധീനത മൂലം സഹായം ആവശ്യമുള്ള കുട്ടികൾക്ക് ആയത് നൽകുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സ്ക്കൂൾ അധികൃതരുടെ സാക്ഷ്യപത്രം സഹിതമുള്ള വിദ്യാർത്ഥിയുടെ അപേക്ഷ രക്ഷകർത്താവും കൂടി ഒപ്പ് വെച്ച് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമുള്ളവർക്ക് മാത്രമാണ് സഹായത്തിന് അർഹതയുള്ളത്. ജില്ലാതലത്തിൽ പങ്കെടുക്കുന്നവർക്ക് 700/- രൂപയും സബ് ജില്ലാതലത്തിൽ പങ്കെടുക്കുന്നവർക്ക് 600/- രൂപയുമാണ് ധനസഹായം. മത്സരത്തിൽ പങ്കെടുക്കാൻ ഉപകാരപ്പെടുംവിധം മുൻകൂറായാണ് സഹായം നൽകേണ്ടതെന്നും സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.15ൽ വ്യവസ്ഥയുണ്ട്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സ്ഥാപനത്തിൽ അപേക്ഷകളൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ക്കൂളുകളിൽ നിന്നും സബ് ജില്ല/ ജില്ലാ തലത്തിൽ പങ്കെടുത്ത കുട്ടികളുടെ ലിസ്റ്റ് ലഭ്യമാക്കി എല്ലാപേർക്കും ധനസഹായം നൽകി എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിക്ക് (നം. 21) ലഭ്യമാക്കിയ മറുപടി. ആവശ്യക്കാരിൽ നിന്നും അപേക്ഷ സ്വീകരിക്കുകയോ യോഗ്യത പരിശോധിച്ച് മുൻകൂറായി പണം നൽകുകയോ ചെയ്തില്ല. പദ്ധതികൾ തയ്യാറാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-24 വജ്രജൂബിലി ഫെല്ലോഷിപ്പ് - പദ്ധതി നിർവ്വഹണം ക്രമപ്രകാരമല്ല – 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	147
പ്രോജക്ടിന്റെ പേര്	വജ്രജൂബിലി ഫെല്ലോഷിപ്പ്
നിർവ്വഹണം	ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്, ആലന്തറ
അടങ്കൽ	20,000/- രൂപ
ചെലവ്	10,000/- രൂപ (എസ്. സി. പി. ഫണ്ട്)
ബിൽ നം./തീയതി/തുക	71/09.05.2024 – 10,000/- രൂപ

വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാർ മുഖേന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യു.പി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സാഹിത്യം, ചിത്രരചന, വിഷ്വൽ മീഡിയ, നാടകം എന്നിവയിൽ കലാപഠന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖ ഖ.7.2.20 നിർദ്ദേശിക്കുന്നു. പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റും കലാകാരന്മാർക്ക് 500/- രൂപ യാത്രബത്തയും നൽകാനും വ്യവസ്ഥയുണ്ട്. മാർഗ്ഗരേഖ പ്രകാരം ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് പദ്ധതി ഏറ്റെടുക്കാവുന്നത്.

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ഹരീഷ് രംഗപ്രഭാത്, കൃഷ്ണകുമാർ എന്നീ വ്യക്തികൾക്ക് ദിവസവും 1,000/- രൂപ വീതം നൽകി നാടക ക്ലാസ്സ് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. ടിയാളുകൾ വജ്രജൂബിലി ഫെല്ലോഷിപ്പ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല എന്ന് ഓഡിറ്റ് എൻകെയറി (നം.

20)യുടെ മറുപടിയായി അറിയിച്ചിട്ടുണ്ട്. രംഗപ്രഭാത് എന്ന സ്ഥാപനത്തിലെ കലാകാരെയാണ് ക്ലാസ്സെടുക്കാൻ നിയോഗിച്ചിട്ടുള്ളത്.

പങ്കെടുത്തവരുടെ വിശദാംശങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിശ്ചിത ക്ലാസ്സുകളിലെ നിശ്ചിത വിഭാഗത്തിൽപ്പെട്ട കുട്ടികളെയാണ് പങ്കെടുപ്പിച്ചതെന്നുള്ളതിന് രേഖയില്ല. പദ്ധതിയിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ നൽകുന്നതാണ് എന്നറിയിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

നിലവിലുള്ള ഉത്തരവുകൾ പാലിക്കാതെയും വ്യക്തമായ രേഖകളില്ലാതെയും നടത്തിയ 10,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും നിലവിലുള്ള മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-25 വിദ്യാവെളിച്ചം പദ്ധതി-നിർവ്വഹണത്തിൽ അപാകങ്ങൾ

പ്രോജക്ട് നം.	129/24
പ്രോജക്ടിന്റെ പേര്	വിദ്യാവെളിച്ചം
നിർവ്വഹണം	ഹെഡ്മിസ്ട്രസ്സ്
അടങ്കൽ	1,50,000/- രൂപ (തനത് ഫണ്ട്)
ചെലവ്	58,600/- രൂപ
ബിൽ നം./തീയതി/തുക	423/30.12.2024 - 21,300/- രൂപ 756/24.03.2025 - 37,300/- രൂപ

വിദ്യാവെളിച്ചം പദ്ധതി മുഖേന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സന്നദ്ധപ്രവർത്തകരായ യുവതീയുവാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് പഠന പരിപോഷണം (Remedial Coaching) ഉൾപ്പടെയുള്ള പരിപാടികൾ ആവിഷ്കരിക്കാനാണ് പദ്ധതി മാർഗ്ഗരേഖയിലെ [ഖണ്ഡിക 8.6 (10)] നിർദ്ദേശം.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ആവിഷ്കരിച്ചതാണ് പ്രസ്തുത പദ്ധതിയെങ്കിലും അത്തരം കുട്ടികൾക്ക് വേണ്ടി മാത്രമായി പദ്ധതി നടപ്പിലാക്കുന്നത് അവരുടെയിടയിൽ വിവേചനം കൂട്ടുമെന്നതിനാൽ എല്ലാ വിഭാഗം കുട്ടികളെയും പദ്ധതിയിലുൾപ്പെടുത്തി എന്നാണ് ഇത് സംബന്ധിച്ച എൻകെയറിയ്ക്ക് (നം. 23) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പങ്കെടുത്ത കുട്ടികൾ ഏത് വിഭാഗത്തിലേതാണെന്ന് അറിയുന്നതിനുള്ള രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന് കീഴിലുള്ള രണ്ട് അങ്കണവാടികളിൽ വെച്ച് 21 കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ട്യൂഷൻ എടുത്തതായുള്ള പ്രസ്തുത വ്യക്തികളുടെ റിപ്പോർട്ടിന്മേൽ അശ്വതി കെ., ബിജുഭവൻ, ആലന്തറ, വിനിത, ബിനുഭവൻ, ഗുരുനാഗപ്പൻകാവ് എന്നിങ്ങനെ രണ്ട് പേർക്ക് യഥാക്രമം 11,100/- രൂപ, 10,200/- രൂപയും നൽകിയിട്ടുണ്ട്. സന്നദ്ധ പ്രവർത്തനമായി നടപ്പിലാക്കേണ്ട ടി ട്യൂഷൻ പദ്ധതിക്ക് പ്രതിഫലം നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

വിദ്യാവെളിച്ചം പദ്ധതിക്കായി നിലവിൽ മൂന്ന് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇവയ്ക്കായി എന്തെല്ലാം ഫർണിച്ചറാണ് വാങ്ങിയിട്ടുള്ളത് എന്ന അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ കൈപ്പറ്റ് വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല). സാംസ്കാരിക സ്ഥാപനങ്ങളിൽ കിടക്കുന്ന മേശകൾ തിരികെ എടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വാങ്ങിയ ഗ്ലാസ്സുകൾ പഞ്ചായത്ത് ഓഫീസിലുണ്ടെന്ന് എൻകെയറിയുടെ മറുപടിയിലും സൂചിപ്പിച്ചിരിക്കുന്നു.

കൃത്യമായി ആവശ്യകത നിർണ്ണയിക്കാതെ സാധനങ്ങൾ വാങ്ങിക്കുകയും അവ വിവിധയിടങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പദ്ധതിപ്പണം ഉപയോഗിച്ച് വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക്/വിതരണ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-26 ജീവനക്കാരുടെ ശമ്പളനിർണയത്തിന് അംഗീകാരം വാങ്ങുന്നില്ല

ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ 2019ലെ ശമ്പളപരിഷ്കരണം വരെയുള്ള ശമ്പള നിർണയങ്ങൾക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് അംഗീകാരം വാങ്ങിയിട്ടില്ല എന്ന് കാണുന്നു.

പേര്	തസ്തിക
സംഗീത ജി. വി.	ഓഫീസ് അസിസ്റ്റന്റ്
സിമി പി. ടി.	സീനിയർ ക്ലാർക്ക്
സുഹാന എസ്. എസ്.	നഴ്സറി ടീച്ചർ
വിജയകുമാർ എസ്.	ക്ലാർക്ക്
പ്രിയലക്ഷ്മി എസ്. എസ്.	ക്ലാർക്ക്
ഷാഫി എ.	ഫുൾടൈം സ്വീപ്പർ

അരുൺ എം.	ക്ലാർക്ക്
ശിശിര ശിവദാസൻ	ക്ലാർക്ക്
ജയകൃഷ്ണൻ റ്റി. എസ്.	ജൂനിയർ സൂപ്രണ്ട്
രജീഷ് ആർ.	സീനിയർ ക്ലാർക്ക്
സജീന ബി.	ക്ലാർക്ക്

ജീവനക്കാരുടെ ശമ്പളനിർണയങ്ങൾക്ക് അംഗീകാരം വാങ്ങാത്തത് സംബന്ധിച്ച് (29.8.2025ലെ ഓഡിറ്റ് എൻകയറി നം. 72) സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ശമ്പള നിർണയങ്ങൾക്ക് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 ഹോമിയോ മരുന്നുകൾ ഹോംകോ ലഭ്യമാക്കിയില്ല - 60,441/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ – ആയുർവേദം
ഫണ്ട്/ബിൽ നം./തീയതി	മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 14/08.01.2025
അടങ്കൽ	4,30,000/- രൂപ
ചെലവ്	4,00,000/- രൂപ

പ്രോജക്ട് നം. 110/2025 – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം പ്രൊഫോർമ ഇൻവോയിസ് നം. PF/403/10.10.2024 പ്രകാരം 4,00,000/- രൂപ ഹോംകോയ്ക്ക് അനുവദിച്ചിട്ടിട്ടുണ്ട് (ബിൽ നമ്പർ 14/08.01.2025). ടാക്സ് ഇൻവോയിസ് നം. LF./2836/07.03.2025, ടാക്സ് ഇൻവോയിസ് നം. LF/881/21.07.2025 എന്നിവ പ്രകാരം ആകെ 3,39,559/- രൂപയുടെ മരുന്ന് ഹോംകോ സപ്ലൈ ചെയ്തിട്ടിട്ടുണ്ട്. സപ്ലൈ ചെയ്ത മരുന്നിന്റെ സ്റ്റോക്ക് ഹോമിയോ ഡിസ്പെൻസറി മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് 26.8.2025ലെ ഓഡിറ്റ് എൻകയറി (നം.45) നിർവഹണ ഉദ്യോഗസ്ഥന് നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ഹോംകോ മരുന്ന് സപ്ലൈ ചെയ്യുന്ന മുറയ്ക്ക് ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സപ്ലൈ ചെയ്യാൻ ശേഷിക്കുന്ന 60,441/- രൂപയുടെ മരുന്ന് ഹോംകോയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ 60,441/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 പ്രോജക്ട് നം. 144/2025 - ജനനി സുരക്ഷ-ചെലവ് വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 144/2025 ജനനി സുരക്ഷ പ്രകാരം 2,00,000/- രൂപ ചെലവഴിച്ചതായി ACR (വികസന ഫണ്ട് - ജനറൽ), ട്രഷറി ബിൽ ബുക്ക് എന്നിവയുടെ പരിശോധനയിൽ നിന്ന് വ്യക്തമായി (ബിൽ നം. 8/2024-25). എന്നാൽ ജനനി സുരക്ഷ പ്രോജക്ട് 2024-25ലെ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26.08.2025ൽ ഓഡിറ്റ് എൻകയറി (നം.48) നൽകി. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന 144/2025 ജനനി സുരക്ഷ പ്രോജക്ട് വികസന ഫണ്ടിന്റെ അപര്യാപ്തത മൂലം ഒഴിവാക്കാൻ ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഭേദഗതി സമയത്ത് ജനനി സുരക്ഷ പ്രോജക്ട് ഒഴിവാക്കാൻ ജില്ലാ ആസൂത്രണ സമിതിക്ക് കത്ത് നൽകിയതിനാലാണ് 2024-25ലെ സുലേഖ സ്റ്റേറ്റ്മെന്റിൽ ജനനി സുരക്ഷ പ്രോജക്ട് ഇല്ലാത്തത് എന്ന് അറിയിച്ചു.

എന്നാൽ ജില്ലാ ആസൂത്രണ സമിതി പ്രോജക്ട് സുലേഖ സ്റ്റേറ്റ്മെന്റിൽ നിന്ന് ഒഴിവാക്കുന്നതിന് മുമ്പ് തന്നെ നിർവഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ ബിൽ സമർപ്പിക്കുകയും പ്രോജക്ട് പ്രകാരം മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഔഷധിക്ക് തുക കൈമാറുകയും ചെയ്തു. തുടർന്ന് ജില്ലാ ആസൂത്രണ സമിതി പ്രോജക്ട് സുലേഖ സ്റ്റേറ്റ്മെന്റിൽ നിന്ന് ഒഴിവാക്കി. പദ്ധതി ചെലവ് നടന്നതിനാൽ 2024-25ലെ സുലേഖ സ്റ്റേറ്റ്മെന്റിൽ ജനനി സുരക്ഷ പ്രോജക്ട് വീണ്ടും ഉൾപ്പെടുത്തുന്നതിന് 12.06.2025ൽ സെക്രട്ടറി ജില്ലാ പ്ലാനിംഗ് ഓഫീസിൽ കത്ത് നൽകിയതായും അറിയിച്ചു. ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-29 മിനി സിവിൽ സ്റ്റേഷൻ നിർമാണം DPR തയ്യാറാക്കൽ - ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുത്ത നടപടിക്രമത്തിൽ അപാകം

പദ്ധതിയുടെ പേര്	മിനി സിവിൽ സ്റ്റേഷൻ നിർമാണം - ഡി.പി.ആർ. തയ്യാറാക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ട്/ബിൽ നം./ തീയതി/തുക	215/31.08.2024 – രൂ.1,98,240/- (തനത് ഫണ്ട്) 461/13.01.2025 – രൂ.2,64,320/-
അടങ്കൽ	രൂ.9,00,000/-
ചെലവ്	രൂ.4,62,560/-

നെല്ലനാട് ഗ്രാമപഞ്ചായത്തിൽ 2024-25ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച പ്രോജക്ട് നം. 223/2025 മിനി സിവിൽ സ്റ്റേഷൻ നിർമാണം DPR തയ്യാറാക്കൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടി പദ്ധതിയ്ക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. പകരം കമ്പ്യൂട്ടേഷൻ നടപടികളിലൂടെ ആണ് DPR തയ്യാറാക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തത്. 21.01.2023ലെ 1/AE/LID&EW/2022-23 നമ്പർ ക്ഷണപത്ര പ്രകാരം ടി പ്രവൃത്തിക്ക് കമ്പ്യൂട്ടേഷനുകൾ ക്ഷണിച്ചു. 'Estimate Cost Of Work' (മിനി സിവിൽ സ്റ്റേഷൻ നിർമാണം)ന്റെ നിശ്ചിത ശതമാനം കോട്ട് ചെയ്യാനാണ് Bidders-നോട് കമ്പ്യൂട്ടേഷൻ ക്ഷണപത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. താഴെ പറയുന്ന 3 സ്ഥാപനങ്ങൾ കമ്പ്യൂട്ടേഷനുകൾ സമർപ്പിക്കുകയും ചെയ്തു.

1. ടർട്ടിൽ സ്മാർട്ട് സൊല്യൂഷൻസ് 2.24% + Gst.

2. അർബൻ ഗ്രേ വാട്ടർ സൊല്യൂഷൻസ് 2.80% + Gst.

3. കാപ്പിറ്റൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് 2.50% + Gst.

എന്നാൽ 'Estimate Cost Of Work' എത്രയാണെന്ന് കൃത്യമായ തുക കമ്പ്യൂട്ടേഷൻ ക്ഷണപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. Estimate Cost Of Work എത്രയാണെന്ന് കൃത്യമായ തുക രേഖപ്പെടുത്തിയിരുന്നെങ്കിൽ കുറച്ചുകൂടി മൽസരാധിഷ്ഠിതമായ കമ്പ്യൂട്ടേഷൻ നടപടികൾ സാധ്യമാകുമായിരുന്നു. പ്രസ്തുത പ്രോജക്ട് നിർവഹണത്തിന് സമർപ്പിച്ച കമ്പ്യൂട്ടേഷനുകളിൽ നിന്ന് തെരഞ്ഞെടുത്ത ഏറ്റവും കുറഞ്ഞ ശതമാനം തുക കോട്ട് ചെയ്ത Turtle Smart Solutions എന്ന സ്ഥാപനവുമായി DPR തയ്യാറാക്കുന്നതിന് 18.04.2023ലെ 1/AE/LSGD/NLD/2023-24 നമ്പർ കരാർ പ്രകാരം കരാറിൽ ഏർപ്പെട്ടു. കരാറിൽ കരാർ തുക ആയി രേഖപ്പെടുത്തിയിരിക്കുന്നത് മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിന്റെ Estimated Cost-ന്റെ 2.24% + ജി.എസ്.റ്റി. ആണ്. Architectural Plan, Soil Investigation Report, Draft DPR എന്നിവ തയ്യാറാക്കുന്നതിന് കരാർ പ്രകാരമുള്ള തുക (ആകെ കോൺട്രാക്ട് തുകയുടെ 70% തുക)യിൽ നിന്ന് Retension Deposit 15,682/- രൂപ കിഴിച്ച് 4,46,878/- രൂപ അനുവദിച്ചിട്ടുണ്ട്. Final DPR സമർപ്പിക്കുമ്പോൾ ശേഷിക്കുന്ന തുക കൈമാറുന്നതിനാണ് കരാർ പ്രകാരം വ്യവസ്ഥ ഉള്ളത്.

മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിന്റെ Estimated Cost-ന്റെ 2.24% + ജി.എസ്.റ്റി. എന്ന നിരക്കിലാണ് സ്ഥാപനവുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 2022-23 വർഷത്തിലെ SO.175/2023 മിനി സിവിൽ സ്റ്റേഷൻ നിർമാണം എന്ന പ്രോജക്ടിന്റെ അടങ്കൽ തുകയായ 2,50,00,000/- രൂപയുടെ 2.24% തുകയുടെ 70% തുക ആണ് Turtle Smart Solutions ന് അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും 2,50,00,000/- രൂപയുടെ 2.24% + 18% GST (6,60,800/- രൂപ) ആണ് കരാർ തുക എന്നാണ് വ്യക്തമാകുന്നത്. എന്നാൽ 2,50,00,000/- രൂപയാണ് മിനി സിവിൽ സ്റ്റേഷൻ നിർമാണത്തിന്റെ Estimated Cost എന്ന് DPR തയ്യാറാക്കൽ പ്രവൃത്തിയുടെ കമ്പ്യൂട്ടേഷൻ ക്ഷണപത്രത്തിലും കരാറിലും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് 25.08.2025ലെ ഓഡിറ്റ് എൻകയറി (നം. 37) നിർവഹണ ഉദ്യോഗസ്ഥന് നൽകി. ആയതിന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ആർക്കിടെക്ട്/ കൺസൾട്ടന്റിന് ഇ-ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിന് ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാലാണ് ഇ-ടെണ്ടർ നടപടികളിലൂടെ ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാത്തത് എന്നാണ് അറിയിച്ചത്. ഏത് തുകയുടെ ശതമാനം നിരക്കാണ് കോട്ട് ചെയ്യേണ്ടത് എന്ന് കൃത്യമായി വ്യക്തമാക്കാതെ കമ്പ്യൂട്ടേഷൻ ക്ഷണിക്കുകയും കോൺട്രാക്ട് തുക എത്രയാണെന്ന് കരാറിൽ കൃത്യമായി രേഖപ്പെടുത്താതെ കോൺട്രാക്ട് സ്ഥിരപ്പെടുത്തുകയും ചെയ്തത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. മിനി സിവിൽ സ്റ്റേഷൻ നിർമാണം പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവ് എത്രയാണെന്ന് കൃത്യമായി വ്യക്തമാക്കാതെ DPR തയ്യാറാക്കൽ പ്രവൃത്തിയുടെ കമ്പ്യൂട്ടേഷൻ ക്ഷണിക്കുകയും കോൺട്രാക്ട് തുക എത്രയാണെന്ന് കരാറിൽ കൃത്യമായി രേഖപ്പെടുത്താതെ കോൺട്രാക്ട് സ്ഥിരപ്പെടുത്തുകയും ചെയ്തു. മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 ജലജീവൻ മിഷൻ - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021ലെ 533/2020/Dpo/തിരു./ജെ.ജെ.എം. നമ്പർ കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം	50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം	15%
ഗുണഭോക്തൃവിഹിതം	10%

നെല്ലനാട് ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി എത്ര തുക അടവാക്കണമെന്നോ കണക്ഷൻ ലഭിച്ച എത്ര ഗുണഭോക്താക്കളുണ്ടെന്നോ ഉള്ള യാതൊരു വിവരവും വാട്ടർ അതോറിറ്റി അറിയിച്ചിട്ടില്ലെന്നും ആകയാൽ നാളിതുവരെ തുകയൊന്നും ഒടുക്കിയിട്ടില്ലെന്നും ഓഡിറ്റ് എൻകൗയറിക്ക് (നം.4) മറുപടിയായി അറിയിച്ചിട്ടുണ്ട്. വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ചെയ്തിട്ടില്ല. പദ്ധതി പ്രകാരം പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ് നൽകിയിരുന്നെങ്കിലും തുകയൊന്നും ലഭ്യമാക്കാത്തതിനാൽ പ്രവർത്തികളൊന്നും നടപ്പാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

1-31 ഇടവിള കിറ്റ് വിതരണം - വിതരണം വിവരം വ്യക്തമല്ല

പ്രോജക്ട് നം.	SO172/25
പ്രോജക്ടിന്റെ പേര്	ഇടവിള കിറ്റ് വിതരണം
നിർവഹണം	കൃഷി ഓഫീസർ
അടങ്കൽ	രൂ.3,50,000/- (വികസന ഫണ്ട് - പൊതുവിഭാഗം)
ചെലവ്	രൂ.3,50,000/-

ഇടവിളകൃഷി നടപ്പാക്കുന്നതിനായി കിഴങ്ങ് വർഗങ്ങളുടെ കിറ്റ് വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 3,50,000/- രൂപയ്ക്ക് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ഇടവിള കിറ്റുകൾ വാങ്ങിയിട്ടുണ്ട്. സ്ഥല വിസ്തീർണത്തിന്റെ അടിസ്ഥാനത്തിലാണ് കിഴങ്ങ് കിറ്റുകൾ വിതരണം ചെയ്യുന്നത്. എന്നാൽ പ്രോജക്ടിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ വിവിധ അപേക്ഷകളിൽ ഗുണഭോക്താവിന് അനുവദിക്കാവുന്ന കിഴങ്ങ് വർഗ്ഗങ്ങളുടെ യൂണിറ്റ് സംബന്ധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച യൂണിറ്റുകൾ വൈറ്റ് മാർക്കർ ഉപയോഗിച്ചും അല്ലാതെയും മാറ്റം വരുത്തിയിട്ടുണ്ട്.

ഉദാ. - ക്രമ നം. 56 മുതൽ 79 വരെയുള്ള അപേക്ഷകളും വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകൗയറിക്ക് (നം.55/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-32 ഗ്രൂപ്പുകൾക്ക് പുഷ്പകൃഷി - കൃഷി ഭൂമി സംബന്ധിച്ച വിവരവും പദ്ധതിയുടെ തുടർ വിവരവും ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.	106/25
പ്രോജക്ടിന്റെ പേര്	പുഷ്പകൃഷി - പൂവനി
നിർവഹണം	കൃഷി ഓഫീസർ
അടങ്കൽ	രൂ.1,00,000/-
ചെലവ്	രൂ.35,000/-

ഗ്രാമപഞ്ചായത്തിലെ 4 ഹെക്ടർ സ്ഥലത്ത് പുഷ്പകൃഷി നടപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം കഴക്കൂട്ടം അഗ്രോസെന്ററിൽ നിന്നും 10000 പുഷ്പത്തൈകൾ വാങ്ങി പദ്ധതി ഗുണഭോക്താക്കളായ ഏഴ് ഗ്രൂപ്പുകൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പുകൾ സമർപ്പിച്ച അപേക്ഷയിൽ കരം തീർത്ത രസീതുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത കുടുബശ്രീ യൂണിറ്റുകളിലെ അംഗങ്ങളുടെ വിവരം, അംഗങ്ങളുടെ ഉടമസ്ഥതയിലാണോ കൃഷി ഭൂമി, അംഗങ്ങളുടെ ഉടമസ്ഥതയിലല്ലാത്ത കൃഷി ഭൂമിയുടെ പാട്ടക്കരാർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതിയുടെ തുടർ നടപടി വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകൗയറിക്ക് (നം.55/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-33 ഹരിത ഭവനം - സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

പ്രോജക്ട് നം.	SO197/25 (സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	ഹരിത ഭവനം
നിർവഹണം	കൃഷി ഓഫീസർ

അടങ്കൽ	രൂ.1,75,570/-
ചെലവ്	രൂ.56,000/-

ഹരിത ഭവനം പ്രോജക്ട് പ്രകാരം കിണർ റീചാർജ്ജിംഗ്, കോഴിക്കൂടും കോഴിയും, ബയോബിൻ, പച്ചക്കറി തൈകൾ വിതരണം എന്നിവയുടെ സബ്സിഡി തുക നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 4 പേർക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹരിത ഭവനം നിർമ്മാണ പ്രവർത്തനങ്ങളുടെ (കിണർ റീചാർജ്ജിംഗ്, കോഴിക്കൂടും കോഴിയും മുതലായവ) വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പതിനാലാം പഞ്ചവത്സര പദ്ധതി, സബ്സിഡി മാർഗരേഖ പ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ട അനുബന്ധം 1 പ്രകാരമുള്ള ഹരിതഭവനം എന്റോൾമെന്റ് ഫാറം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (നം.55/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-34 മൃഗസംരക്ഷണ മേഖല പ്രോജക്ടുകൾ - പദ്ധതി മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ.ഉ.(കൈ)നം.84/2022/LSGD., തീ.19.04.2022 ഖണ്ഡിക 12.3 പ്രകാരം പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്ന എണ്ണത്തെക്കാൾ കൂടുതലാണ് മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണമെങ്കിൽ ഓരോ വാർഡിലെയും അർഹരായ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി വേണം ആനുകൂല്യം നൽകേണ്ടതാണെന്നും അംഗീകരിച്ച മുൻഗണന ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാൻ പാടുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തയ്യാറാക്കിയ മുൻഗണന ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണന ക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണെന്നും അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വെറ്റിനറി സർജൻ നിർവഹിച്ച വിവിധ പ്രോജക്ടുകളിൽ മുൻഗണന ക്രമം പാലിക്കാതെ വിവിധ വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇപ്രകാരം ആനുകൂല്യം നൽകാതെ ഗുണഭോക്താക്കളെ ഒഴിവാക്കിയതിന്റെ കാരണം ഫയലിൽ സൂക്ഷിക്കുകയോ മുൻഗണനക്രമം മാറ്റിയത് സംബന്ധിച്ച വിവരം ഗ്രാമസഭയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല.

ഉദാ.- പ്രോജക്ട് നം. 115 പശുവളർത്തൽ ജനറൽ എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 30 ഗുണഭോക്താക്കളാണുള്ളത്. എന്നാൽ മുൻഗണന ക്രമം പാലിക്കാതെ ക്രമനമ്പർ 10, 28, 29 എന്നീ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് വെറ്ററിനറി സർജന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.57/തീ.27.08.2025) ലഭിച്ച മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് അറിയിപ്പ് നൽകിയിട്ടും പ്രസ്തുത വ്യക്തികൾ പ്രോജക്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാത്തതിനാലാണ് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം മുൻഗണന ക്രമം പാലിക്കാതെ ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് മാത്രം ഗുണഭോക്താക്ക് ആനുകൂല്യം നൽകുന്നതിന് നിർവഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-35 അടുക്കള മുറ്റത്തെ കോഴി വളർത്തൽ - അർഹത ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

പ്രോജക്ട് നം.	SO114/25	SO270/25
പ്രോജക്ടിന്റെ പേര്	അടുക്കള മുറ്റത്തെ കോഴി വളർത്തൽ	അടുക്കള മുറ്റത്തെ കോഴി വളർത്തൽ – സ്പിൽ ഓവർ
നിർവഹണം	വെറ്റിനറി സർജൻ	വെറ്റിനറി സർജൻ
അടങ്കൽ	രൂ.4,88,400/-	രൂ.1,21,200/-
ചെലവ്	രൂ.4,45,200/-	രൂ.1,21,200/-

മുട്ടക്കോഴി വളർത്തലിനാണ് പദ്ധതി വിഭാവനം ചെയ്തത്. സ.ഉ(കൈ)നം.115/2022/തസ്വഭവ., തീ.28.05.2022 പ്രകാരം മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ വരുമാന പരിധി **അഞ്ച് ലക്ഷം** രൂപയാണ്. ആയതിനാൽ അപേക്ഷകൻ വരുമാനം തെളിയിക്കുന്ന രേഖകൾ സമർപ്പിക്കുകയോ റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഭൂരിഭാഗം അപേക്ഷകളോടൊപ്പം റേഷൻകാർഡിന്റെ പകർപ്പോ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന നിർവഹണ

ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ സൂക്ഷിച്ചിട്ടില്ല. വരുമാന വിവരങ്ങൾ പരിശോധിക്കാതെ സർക്കാർ ഉദ്യോഗസ്ഥർക്ക് ഉൾപ്പടെ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട് (റേഷൻ കാർഡിൽ സർക്കാർ ജീവനക്കാർ). ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വരുമാന പരിധിക്കുള്ളിലാണോ ഗുണഭോക്താക്കൾ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയുടെ (നം. 55/തീ.27.08.2025) മറുപടിയിൽ മുട്ടക്കോഴി വളർത്തൽ പോലെ വളരെ ചെറിയ സബ്സിഡി തുക നൽകുന്ന പദ്ധതിയായതുകൊണ്ടാണ് വരുമാന രേഖകൾ സൂക്ഷിക്കാത്തതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

1-36 അങ്കണവാടികളിൽ പോഷകാഹാരം - വിവിധ അപാകങ്ങൾ

പ്രോജക്ട് നം	191/25	20/25	65/25
പ്രോജക്ടിന്റെ പേര്	അങ്കണവാടികളിൽ പോഷകാഹാരം (സ്പിൽ ഓവർ)	അങ്കണവാടികളിൽ പോഷകാഹാരം – ജനറൽ	അങ്കണവാടികളിൽ പോഷകാഹാരം
നിർവഹണം	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ
അടങ്കൽ	രൂ.4,60,318/-	രൂ.15,00,000/-	രൂ.10,40,912/-
ചെലവ്	രൂ.4,60,318/-	രൂ.12,2,985/-	രൂ.9,71,110/-

അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) നികുതി കിഴിവ് നടത്തിയിട്ടില്ല

അങ്കണവാടികളിലെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 2023-24, 2024-25 വർഷങ്ങളിൽ വി.ഇ. മിക്സ് ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി., സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതുണ്ട്. കൂടാതെ വനിത ശിശുവികസന ഡയറക്ടറുടെ 18.08.2021ലെ ICDS B3/13220/21 നമ്പർ കത്ത് പ്രകാരം അമൃതം ന്യൂട്രിമിക്സ് തുക അനുവദിക്കുമ്പോൾ ജി.എസ്.ടി., ടി.ഡി.എസ്. കുറവ് ചെയ്യണം എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ അമൃതം ന്യൂട്രിമിക്സ് വാങ്ങിയപ്പോൾ വിതരണം ചെയ്ത സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി., ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

2) സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകം

A) പ്രോജക്ട് നം.65/25 പ്രകാരം താഴെപ്പറയുന്ന വിവിധ ബില്ലുകൾ പ്രകാരം അങ്കണവാടികളിലേയ്ക്ക് വാങ്ങിയ ഭക്ഷണസാധനങ്ങളുടെ വിവരങ്ങൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സൂക്ഷിക്കുന്ന ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ വിവിധ അങ്കണവാടികളിലേയ്ക്ക് വിതരണം ചെയ്തത് സംബന്ധിച്ച് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഫണ്ട്	ബിൽ നം.	സ്ഥാപനം	ഇൻവോയ്സ് നം./ തീയതി	ഇനം	തുക (രൂ.)
കേന്ദ്രാവിഷ്കൃത ഫണ്ട്	169/17.08.2024	വി.ഇ. മിക്സ് ന്യൂട്രിമിക്സ്	75/20.07.2024	ന്യൂട്രിമിക്സ്	66,120
കേന്ദ്രാവിഷ്കൃത ഫണ്ട്	169/17.08.2024	വി.ഇ. മിക്സ് ന്യൂട്രിമിക്സ്	66/19.06.2024	ന്യൂട്രിമിക്സ്	71,363

B) അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഇനങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി സെന്റർ നം. 25, 34, 36, 45 എന്നീ അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ (2024 നവംബർ വരെ) പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഭക്ഷ്യ വസ്തുക്കളുടെ അളവ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. കൂടാതെ വിതരണ രജിസ്റ്ററിൽ ഭക്ഷ്യ വസ്തുക്കളുടെ അളവുകൾ വെട്ടിത്തിരുത്തിയും വൈറ്റ് മാർക്കർ ഉപയോഗിച്ച് മാറ്റം വരുത്തിയും രേഖപ്പെടുത്തിയിട്ടുണ്ട്.

Ii) അങ്കണവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അംഗനവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

ഉദാ.-

കാലയളവ്	അങ്കണവാടി നം.	ഐ.സി.ഡി.എസ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം	അങ്കണവാടി സ്റ്റോക്ക്

		ഇനം	തൂക്കം (കി.ഗ്രാം)	രജിസ്റ്റർ പ്രകാരം തൂക്കം (കി.ഗ്രാം)
സെപ്റ്റംബർ 2024	34	THRS	30	36
ഒക്ടോബർ 2024	45	THRS	20	30
നവംബർ 2024	25	THRS	30	15
ജൂൺ 2024	45	എണ്ണ	10	7

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (നം.24/തീ.23.08.2025, നം.35/തീ.25.05.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-37 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോഷർഷിപ്പ് - മുഴുവൻ തുകയും അനുവദിച്ചില്ല

പ്രോജക്ട് നം.	SOO51/25
പ്രോജക്ടിന്റെ പേര്	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോഷർഷിപ്പ്
നിർവഹണം	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ
അടങ്കൽ	രൂ.1,26,000/-
ചെലവ്	രൂ.76,400/-

ഗ്രാമപഞ്ചായത്തിലെ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.16(എ) പ്രകാരം വിവിധ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട സ്കോളർഷിപ്പ് നിരക്കുകൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഭിന്നശേഷി വിഭാഗങ്ങൾക്ക് നൽകേണ്ട മുഴുവൻ സ്കോളർഷിപ്പ് തുകയും മുടക്കം കൂടാതെ അനുവദിക്കണമെന്ന് 24.12.2020ലെ ഡി.എ-1/322/2020/തസ്വഭവ., തീ.07.07.2023ലെ ഡി.എ./232/2023/തസ്വഭവ. സർക്കുലറുകൾ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ തുകയും അനുവദിച്ചിട്ടില്ല.

പേര്	ക്ലാസ്	അനുവദിക്കേണ്ട പ്രതിവർഷ തുക	അനുവദിച്ച തുക
മേഘ	+2	രൂ.6,800/-	രൂ.6,600/-
പ്രിജി	വൊക്കേഷണൽ പരിശീലനം	രൂ.11,500/-	രൂ.11,000/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിയുടെ മറുപടിയിൽ (നം.24/തീ.23.08.2025) മുഴുവൻ തുകയും നൽകുന്നതിന് പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-38 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികമായി അനുവദിച്ച 28,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	SO060/25
പ്രോജക്ടിന്റെ പേര്	സ്നേഹസ്പർശം
നിർവഹണം	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ
അടങ്കൽ	രൂ.30,12,000/-
ചെലവ്	രൂ.18,87,500/-

ഗ്രാമപഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.16(ബി) പ്രകാരം വിവിധ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട സ്കോളർഷിപ്പ് നിരക്കുകൾ വ്യക്തമാക്കിയിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് നൽകാവുന്ന പരമാവധി തുക 28,500/- രൂപയാണ്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത തുകയേക്കാൾ അധികം തുക നൽകിയിട്ടുണ്ട്.

പേര്	ബാങ്ക് അക്കൗണ്ട് നം.	ബിൽ നം.	ഫണ്ട്	തുക (രൂ.)	ആകെ (രൂ.)	അധികം നൽകിയ തുക
Krishnapriya	67234869182	നം.530 തീ.12/02/2025	ബ്ലോക്ക് പഞ്ചായത്ത്	7,125	42,500	രൂ.14,000
		നം.589 തീ.07/03/2025	വികസന ഫണ്ട്	14,000		

		നം.694 തീ.19/03/2025	വികസന ഫണ്ട്	21,375		
Abina	67231616247	നം.530 തീ.12/02/2025	ബ്ലോക്ക് പഞ്ചായത്ത്	7,125	42,500	രൂ.14,000
		നം.589 തീ.07/03/2025	വികസന ഫണ്ട്	14,000		
		നം.694 തീ.19/03/2025	വികസന ഫണ്ട്	21,375		

മേൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 28,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയുടെ മറുപടിയിൽ (നം.54/തീ.27.08.2025)അധികം നൽകിയ തുക തുടർവർഷത്തിൽ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.16(ബി) പ്രകാരം വിവിധ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട സ്കോളർഷിപ്പ് നിരക്കുകൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ഭിന്നശേഷി വിഭാഗങ്ങൾക്ക് നൽകേണ്ട മുഴുവൻ സ്കോളർഷിപ്പ് തുകയും മുടക്കം കൂടാതെ അനുവദിക്കണമെന്ന് 24.12.2020ലെ ഡി.എ-1/322/2020/തസ്വഭവ., 07.07.2023ലെ ഡി.എ/232/2023/തസ്വഭവ. സർക്കുലറുകൾ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ തുകയും അനുവദിച്ചിട്ടില്ല.

Name	Amount
Ammu M.	Rs.26,750/-
Abhishikth Edward	Rs.26,750/-
Aarif S. Dileep	Rs.26,750/-
Remya	Rs.26,750/-
Shefeena	Rs.26,750/-
Deepu S.	Rs.26,750/-
Rejila R.	Rs.26,750/-
Dhanush Sajikumar	Rs.26,750/-
Amina Beevi S. R.	Rs.26,750/-
Geetha	Rs.26,750/-
ASWIN A. S.	Rs.26,750/-
SANOOP M. V.	Rs.26,750/-
SIVANI S. J.	Rs.26,750/-
VIJITH B.	Rs.26,750/-
BINESH B.	Rs.26,750/-
Hanan Mohammed Jassim	Rs.26,750/-
Sangeeth S. H.	Rs.26,750/-
Josna N.	Rs.26,750/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയുടെ മറുപടിയിൽ (നം.54/തീ.27.08.2025) മുഴുവൻ തുകയും നൽകുന്നതിന് പ്രോജക്ട് സ്പിൽ ഓവറായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-39 വയോജനങ്ങൾക്ക് ടൂർ പ്രോഗ്രാം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി - 47,900/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.	343/25
പ്രോജക്ടിന്റെ പേര്	വയോജനങ്ങൾക്ക് ടൂർ പ്രോഗ്രാം
നിർവഹണം	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ
അടങ്കൽ	രൂ.50,000/-
ചെലവ്	രൂ.47,900/-

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും 5 വയോജനങ്ങളെ ഉൾപ്പെടുത്തി ഉല്ലാസയാത്ര നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 22.02.2025 തീയതിയിലാണ് യാത്ര നടത്തിയിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.4 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള ഉല്ലാസയാത്രകൾ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ പ്രോജക്ട് പ്രകാരം ഉല്ലാസ യാത്ര നടത്തിയ താഴെപ്പറയുന്ന വ്യക്തികൾ

സമർപ്പിച്ച രേഖകൾ പ്രകാരം പ്രസ്തുത വ്യക്തികൾ വയോജന വിഭാഗത്തിൽ ഉൾപ്പെടാത്തവരാണ് (60 വയസ്സിന് താഴെ പ്രായം ഉള്ള വ്യക്തികൾ).

ക്രമ നം.	പേര്	ജനന തീയതി
1	സുനിൽ കുമാർ ബി., കസ്തൂരി ഭവൻ	28.09.1970
2	നുസൈഫാ ബീവി, കരിഞ്ചി പണയിൽ വീട്	01.01.1967
3	മാജീദാ ബീവി, വടക്കല വീട്	20.02.1966

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിയുടെ മറുപടിയിൽ (നം.24/തീ.23.08.2025) അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയതിനാൽ ടി ചെലവ് തുകയായ 47,900/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നടപ്പാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-40 ഹരിത കർമ്മസേന യൂസർ ഫീസ് ഇളവ് നൽകൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഇളവ് അനുവദിച്ചു

പ്രോജക്ട് നം.	S0260/25(സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	ഹരിത കർമ്മസേന യൂസർ ഫീ ഇളവ് നൽകൽ
നിർവഹണം	വി.ഇ.ഒ. (സർക്കിൾ - 1)
അടങ്കൽ	രൂ.1,74,650/- (തനത് ഫണ്ട്)
ചെലവ്	രൂ.74,100/-

ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും ഹരിത കർമ്മസേന പ്രവർത്തനം ഉറപ്പാക്കുന്നതിനായി ഹരിത കർമ്മസേന യൂസർ ഫീ നൽകാൻ ശേഷിയില്ലാത്ത AAY റേഷൻ കാർഡ് ഉടമകൾക്കും അതി ദരിദ്രർക്കും അഗതി ആശ്രയ ലിസ്റ്റിൽപ്പെട്ട കുടുംബങ്ങൾക്കും, അവർ നൽകേണ്ട യൂസർ ഫീ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 12.08.2020ലെ സ.ഉ.(സാധാ)നം. 1496/2020/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 21(Ii) പ്രകാരം ബി.പി.എൽ,. ആശ്രയ കുടുംബാംഗങ്ങൾക്ക് നൽകിയിരുന്ന ഹരിത കർമ്മസേനയുടെ യൂസർ ഫീ ഇളവുകൾ 13.12.2023ലെ സ.ഉ.(സാധാ)നം.2481/2023/LSGD. പ്രകാരം അഗതി, ആശ്രയ, അതിദരിദ്ര കുടുംബങ്ങൾ എന്നാക്കി ഭേദഗതി വരുത്തി സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. കൂടാതെ യൂസർ ഫീ ഇളവിന് അർഹതയുള്ള മറ്റ് കുടുംബങ്ങൾ ഉണ്ടെങ്കിൽ, ബന്ധപ്പെട്ട ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇളവ് നൽകാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ എല്ലാ AAY റേഷൻ കാർഡുള്ള കുടുംബങ്ങൾക്കും യൂസർ ഫീസ് ഇളവ് നൽകി പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഹരിത കർമ്മ സേന കൺസോർഷ്യം ഫണ്ടിലേയ്ക്ക് അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചതും അതിൻ പ്രകാരം തുക അനുവദിച്ചിട്ടുള്ളതും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിയുടെ (നം.11/തീ.21.08.2025) മറുപടിയിൽ 10.07.2023ലെ സ.ഉ(സാധാ)നം. 1401/2023/തസ്വഭവ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപീകരിച്ചതെന്നും പ്രസ്തുത ഉത്തരവിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന AAY വിഭാഗങ്ങൾക്ക് പ്രോജക്ട് രൂപീകരിക്കാം എന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. 13.12.2023ലെ സ.ഉ.(സാധാ)നം.2481/2023/LSGD. പ്രകാരം അഗതി, ആശ്രയ, അതിദരിദ്ര കുടുംബങ്ങൾ എന്നാക്കി ഭേദഗതി വരുത്തി സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതിനാലും യൂസർ ഫീ ഇളവിന് അർഹതയുള്ള മറ്റ് കുടുംബങ്ങൾ ഉണ്ടെങ്കിൽ, ബന്ധപ്പെട്ട ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇളവ് നൽകാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും മേൽ മറുപടി പരിഗണനാർഹമല്ല. സർക്കാർ ഉത്തരിവിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് പ്രോജക്ട് നടപ്പാക്കേണ്ടതാണ്.

2) AAY റേഷൻ കാർഡുള്ള കുടുംബങ്ങൾക്ക് ഉൾപ്പെടെയുള്ളവരുടെ യൂസർ ഫീ തുക മേൽ പ്രോജക്ട് പ്രകാരം ഹരിത കർമ്മസേനയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇളവിന് അർഹതപ്പെട്ടവരുടെയും ഇളവ് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെയും പേര് വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റോ, പ്രസ്തുത വ്യക്തികൾക്ക് ഇളവ് അനുവദിച്ച് നൽകിയ കാലയളവ് സംബന്ധിച്ച രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവിധ വ്യക്തികളുടെ യൂസർ ഫീസ് രസീതും അതോടൊപ്പം റേഷൻ കാർഡിന്റെ പകർപ്പുമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്നും യൂസർ ഫീസ് ഇളവ് നൽകിയവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഹരിത കർമ്മസേന ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമാണ് ഇളവ് നൽകിയതെന്നും രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട് (എൻകൗയറി നം.11/തീ.21.08.2025). അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-41 ഭവന പുനരുദ്ധാരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നു

പ്രോജക്ട് നം.	S0026/25
പ്രോജക്ടിന്റെ പേര്	ഭവന പുനരുദ്ധാരണം - എസ്. സി.
നിർവഹണം	വി.ഇ.ഒ. – (സർക്കിൾ - 1)
അടങ്കൽ	രൂ.48,00,000/- (275088 വികസന ഫണ്ട് - എസ്.സി.പി + 50102 തനത് ഫണ്ട്)
ചെലവ്	രൂ.24,23,744/- (50102 + 2373642)

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വീട് പുനരുദ്ധാരണത്തിന് 1,00,000/- രൂപ ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായി 50,000/- രൂപ അനുവദിച്ചിട്ടുണ്ട്.

ഗുണഭോക്താവ്	കെട്ടിട നം.
മോഹനൻ കെ., റഹീം നിവാസ്, കണ്ണംകോട്	5/462 B

A) പതിനാലാം പഞ്ചവത്സര പദ്ധതി, സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിട്ടുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന് 1 വർഷം മാത്രം പഴക്കമാണുള്ളത്. കൂടാതെ അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിട ഉടമയുടെ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം IAY ഭവന പദ്ധതി പ്രകാരം 28.09.2017ൽ തുക ലഭിച്ചിട്ടുള്ളതായും കണുന്നുണ്ട്. ആയതിനാൽ കെട്ടിടത്തിന് 8 വർഷം കാലപ്പഴക്കമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിയുടെ (നം.12/തീ.21.08.2025) മറുപടിയിൽ ഗുണഭോക്താവ് 2015-16 വർഷത്തെ IAY ഗുണഭോക്താവാണെന്നും തുക ലഭ്യമാക്കുന്നതിലെ കാലതാമസം കാരണം ആണ് 28.09.2017ൽ അവസാന ഗഡു നൽകിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് മാത്രം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതും കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമായും അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2) വിവിധ ഗുണഭോക്താക്കൾ സമർപ്പിച്ച വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകരും വീടിന്റെ ഉടമസ്ഥരും റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റ് വ്യക്തികളാണ്. വാമനപുരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിൽ അപേക്ഷകന്റെ പേരിൽ ഭവന പുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചിട്ടില്ല എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വീടിന്റെ ഉടമസ്ഥർക്ക് മുൻവർഷങ്ങളിൽ ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ റേഷൻ കാർഡിൽ ഉൾപ്പെട്ട മറ്റ് വ്യക്തികൾക്കും ഇതേ വീടിന് മുൻവർഷങ്ങളിൽ ധനസഹായം നൽകിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

ഉദാഹരണം ചുവടെ -

ഗുണഭോക്താവ്	കെട്ടിട ഉടമ	കെട്ടിട നം.
ഗോപി	പാച്ചി	3/168 A
പ്രതീഷ് ആർ.	പ്രസന്നകുമാരി	11/33

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറിയുടെ (നം.12/തീ.21.08.2025) മറുപടിയിൽ തുടർവർഷങ്ങളിൽ ഇപ്രകാരം സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-42 പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം

പ്രോജക്ട് നം.	S00 94/25
പ്രോജക്ടിന്റെ പേര്	പൊതുസ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ
നിർവഹണം	വി.ഇ.ഒ. – (സർക്കിൾ - 1)
അടങ്കൽ	രൂ.3,00,000/-
ചെലവ്	രൂ.2,97,024/-

ഗ്രാമപഞ്ചായത്തിലെ പൊതു ഇടങ്ങൾ വൃത്തിയുള്ളതാക്കി തിർക്കുന്നത് ലക്ഷ്യം വെച്ച് പൊതു ഇടങ്ങളിലും പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും മലിനീകരണങ്ങൾ വലിച്ചെറിയപ്പെടാതെ നിക്ഷേപിക്കുന്നതിന് സൗകര്യമുള്ള ബിന്നുകൾ സ്ഥാപിക്കാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ഇ-ടെൻഡർ നടപ്പാക്കുകയും ആകെ ലഭിച്ച നാല് ടെൻഡറുകളിൽ ഏറ്റവും കുറവ് (L1) തുകയായ 7,280/- രൂപ കാട്ട് ചെയ്ത ഷേഹ്ബാന് എന്ന വ്യക്തിയുടെ ടെൻഡർ 26.11.2024ലെ 1(2) ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു.

എന്നാൽ പ്രസ്തുത വ്യക്തി ഗ്രാമപഞ്ചായത്തുമായി കരാർ ചമച്ചതിന് ശേഷം സാധനം ലഭ്യമാക്കാൻ കഴിയില്ല എന്നറിയിച്ചുകൊണ്ട് ടെൻഡർ നടപടികളിൽ നിന്നും പിന്മാറുകയും L2 നിരക്കായ 8,736/- രൂപ കാട്ട് ചെയ്ത ഷാരൂക് ഖാൻ എന്ന വ്യക്തിയുടെ ടെൻഡർ അംഗീകരിച്ച് പ്രസ്തുത വ്യക്തിയുടെ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

L1, L2 ആയ വ്യക്തി/സ്ഥാപനങ്ങളുടെ ടെൻഡർ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങൾക്ക് ഒരേ വിലാസമാണുള്ളത് (റോസ് ഹൗസ്, കോട്ടപ്പുറം, കുളത്തുമ്മൽ). ഒരേ വിലാസത്തിൽ വ്യത്യസ്ത വ്യക്തികളുടെ പേരിൽ ടെൻഡർ സമർപ്പിച്ച്, ടെൻഡറിന് അംഗീകാരം ലഭിച്ചതിന് ശേഷം ഉയർന്ന നിരക്കിൽ സാധനങ്ങൾ വിൽക്കുന്നതിനാണ് L1 ആയ വ്യക്തിയുടെ പേരിലുള്ള ടെൻഡർ പിൻവലിച്ചിട്ടുള്ളത് എന്നത് വ്യക്തമാണ്. എന്നാൽ ടെൻഡർ നടപടികളുടെ വിവരങ്ങൾ പ്രോക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കുകയോ കരാർ ചമച്ചതിന് ശേഷം പിൻമാറിയ വ്യക്തിക്ക് എതിരെ/സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 5.25 പ്രകാരം ഗവൺമെന്റ് ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള സ്റ്റാൻഡേർഡൈസ്ഡ് കോഡ് ഓഫ് ബ്ലാക്ക് ലിസ്റ്റിംഗിലെ നിബന്ധനകൾക്കനുസരിച്ച് കരിമ്പട്ടികയിൽപ്പെടുത്തുക, നിരോധിക്കുക, വ്യാപാര ഇടപാടുകൾ നിർത്തി വയ്ക്കുക, അംഗീകൃത വിതരണക്കാരുടെ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുക തുടങ്ങിയ ശിക്ഷാനടപടികൾ കരാറിലെ (Contracts)' ക്രമരഹിതമായ പ്രകടനത്തിന്റെ വ്യാപ്തിക്കനുസരിച്ച് ഒരു സ്ഥാപനത്തിനെതിരെ സർക്കാരിന് കൈക്കൊള്ളാവുന്നതാണ്. പ്രൊക്യൂർമെന്റ് നടപടികളിൽ വീഴ്ച വരുത്തിയ സംഗതികളും കരാർ നിബന്ധനകളുടെ ലംഘനം ഉണ്ടായ എല്ലാ സംഗതികളും വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്ന് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം സ്ഥാപനത്തിന് അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പായി കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണെന്നും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്രമവിരുദ്ധമായി ടെൻഡറിൽ പങ്കെടുത്ത മേൽ സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകൗയറിക്ക് (നം.58/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-43 ലൈഫ് ഭവന പദ്ധതി - 60,000/- രൂപ അധികം തുക അനുവദിച്ചു - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കി

പ്രോജക്ട് നം.	S0015/25
പ്രോജക്ടിന്റെ പേര്	ലൈഫ് - പി.എം.എ.വൈ. ഭവന പദ്ധതി ജനറൽ
നിർവഹണം	വി.ഇ.ഒ. - (സർക്കിൾ - 1)
അടങ്കൽ	രൂ.3,16,21,000/- (3121000 വികസന ഫണ്ട് +7500000 സംസ്ഥാനാവിഷ്കൃത ഫണ്ട് + 2250000 ജി.പ. + 2250000 ബ്ലോ.പ)
ചെലവ്	രൂ.27,00,000/- വികസന ഫണ്ട്

ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി 4,00,000/- രൂപ അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സ.ഉ.(സാധാ)നം.3218/2018/തസ്വഭവ., തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി കരാർ ചമയ്ക്കുമ്പോൾ അഡ്വാൻസായി 10% (40,000/- രൂപ) തുകയും ബേസ്മെന്റ് പൂർത്തീകരണത്തിന് ശേഷം 40% (1,60,000/- രൂപ) തുകയും ലിന്റൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% (1,00,000/- രൂപ) തുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% (1,00,000/- രൂപ) തുകയും വീതമാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെ സുധ, ചന്തവിള പുത്തൻവീട് എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി ആകെ 4,60,000/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗഡു	അനുവദിച്ച തുക	തീയതി
1	രൂ.40,000	09.05.2024
2	രൂ.1,00,000	19.08.2024
3	രൂ.1,60,000	21.01.2025
4	രൂ.1,60,000	24.03.2025 (ബിൽ നം.787/തീ.25.03.2025) – വികസന ഫണ്ട്
ആകെ	**രൂ.4,60,000**	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിയുടെ (നം.33/തീ.25.08.2025) മറുപടിയിൽ പ്രസ്തുത ഗുണഭോക്താവ് നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും അധികം നൽകിയ തുകയായ 60,000/- രൂപ ട്രഷറി GRN:KL023306123202526M., തീ.25.08.2025 പ്രകാരം തിരികെ ഒടുക്ക് വരുത്തുകയും ചെയ്തിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-44 ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

2024-25 വർഷത്തിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സ്റ്റിൽ ഓവർ ഉൾപ്പെടെ 8 പദ്ധതികളാണ് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) മാർഗ രേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല

ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ.ഉ(എം.എസ്.)നം.34/2018/തസ്വഭവ., തീ.16/03/2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങളും ഫയൽ പരിപാലനവുമായി ബന്ധപ്പെട്ട് ലൈഫ് മിഷൻ പുറപ്പെടുവിച്ച (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.02.2022ലെ LM/357/PM(F)/2021 നമ്പർ കത്ത്) വിവിധ നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല.

1) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 5 പ്രകാരം ഭവന നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി ഗുണഭോക്താവ് ഉത്തരവിലെ അനുബന്ധം 3ലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ വിവിധ ഗുണഭോക്താക്കൾ കരാറിൽ ഒപ്പിട്ടിട്ടില്ല. ഉദാ- യൂണിക് ഐഡി.-108983, ശ്രീമതി ശാന്തമ്മ, യൂണിക് ഐഡി.-174287 നബീസ ബീവി.

2) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ എടുക്കുന്നതിന് ക്രമീകരണം നടത്തേണ്ടതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുകളിൽ വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ സ്റ്റേജ് സർട്ടിഫിക്കറ്റുകളിൽ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ഉദാ- യൂണിക് ഐഡി.-108983, ശ്രീമതി ശാന്തമ്മ, യൂണിക് ഐഡി.- 81794, സുധ.

II) സ.ഉ.(സാധാ)നം.3218/2018/തസ്വഭവ., തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം രൂ.40,000/- (10%), രൂ.1,60,000/- (40%), രൂ.1,00,000/- (25%), രൂ.1,00,000/- (25%) എന്നിങ്ങനെയാണ് അനുവദിച്ച് നൽകേണ്ടത്. എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെയാണ് വിവിധ ഗഡു തുകകളാണ് ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്. കൂടാതെ ലൈഫ് ഭവന പദ്ധതി രജിസ്റ്ററിൽ വിവിധ ഗുണഭോക്താക്കൾക്ക് ഫണ്ട് അനുവദിച്ച തീയതി, ഫണ്ടിനം, നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഉൾപ്പെട്ടിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നം.61/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

III) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ സർക്കുലർ നം. ലൈഫ്/എൽ.എഫ്.2/511/2018., തീ.13.04.2018 പ്രകാരം ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു കൈപ്പറ്റി ആറ് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	പേര്	വിഭാഗം	ആദ്യ ഗഡു കൈപ്പറ്റിയ തീയതി
1	ബാബു	ജനറൽ	04.12.2023
2	ഉഷ	പട്ടിക ജാതി	26.11.2021
3	ശരണ്യ	പട്ടിക ജാതി	25.02.2023
4	സനൽകുമാർ	പട്ടികജാതി	25.02.2023
5	രമ	പട്ടിക ജാതി	23.03.2023
6	ശശിധരൻ	പട്ടിക ജാതി	04.05.2023
7	ഭാരതി	പട്ടികജാതി	21.06.2023

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നം.61/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-45 പാലിയേറ്റീവ് കെയർ പ്രവർത്തനം - വിവിധ അപാകങ്ങൾ

പ്രോജക്ട് നം.	118/25
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ
നിർവഹണം	മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി.
അടങ്കൽ	രൂ.17,15,740/-

ചെലവ്	രൂ.16,49,687/-

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാണ് ടി പ്രോജക്ട് രൂപീകരിച്ചത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയറിന്റെ ഫീൽഡ് തലപ്രവർത്തനങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 25.03.2024ൽ കമ്മിറ്റേഷൻ ക്ഷണിച്ചിരുന്നു. കമ്മിറ്റേഷൻ വ്യവസ്ഥ പ്രകാരം വാഹനത്തിന് ഏഴ് വർഷത്തിൽ കൂടുതൽ പഴക്കം ഉണ്ടാകാൻ പടില്ല എന്നായിരുന്നു വ്യക്തമാക്കിയിരുന്നത്. എന്നാൽ 27.06.2011ൽ രജിസ്ട്രേഷൻ നടത്തിയ രജിസ്ട്രേഷൻ നം. KL-21-D-1888 വാഹനത്തിന്റെ (12 വർഷത്തിലധികം പഴക്കം) കമ്മിറ്റേഷനാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ളതും.

2) പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം സ.ഉ(സാധാ)നം.553/2019/തസ്വഭവ., തീ.07.03.2019 പ്രകാരം ഹോം കെയർ ടീമിന് പരമാവധി ആറ് പേർക്ക് ഒരാൾക്ക് പരമാവധി 80/- രൂപ നിരക്കിൽ ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് പ്രോജക്ടിൽ വകയിരുത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹോം കെയർ വിസിറ്റ് അറ്റൻഡൻസ് പരിശോധിച്ചതിൽ ഡ്രൈവർ ഉൾപ്പെടെയുള്ള വ്യക്തികളുടെ എണ്ണത്തിന് അനുസൃതമായാണ് ഭക്ഷണതുക വിനിയോഗിച്ചിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകമ്പയറിക്ക് (നം.56/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-46 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഒരുക്കൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം

പ്രോജക്ട് നം.	311/25
പ്രോജക്ടിന്റെ പേര്	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഒരുക്കൽ
നിർവഹണം	മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി.
അടങ്കൽ	രൂ.2,77,397/-
ചെലവ്	രൂ.2,77,225/-

1) കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. G.O.(Rt)No.972022/SPD., തീ.23.12.2022 പ്രകാരം സിഡ്കോ നിർമ്മിച്ച സ്റ്റീൽ ഫർണീച്ചറുകൾ ഉത്തരവിലെ അനുബന്ധം IV മുതൽ V വരെയുള്ള നിരക്കുകൾക്ക് വിധേയമായി ടെൻഡർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ പാലിച്ച് ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ച 02.02.2023ലെ SPD-A3/55/2022-SPD നമ്പർ സർക്കുലർ പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർസ് പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള കമ്മിറ്റേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാതെ നടത്തുന്ന എല്ലാ പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം 13,251/- രൂപ നിരക്കിൽ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയ രണ്ട് Steel Book Shelf With 4 Compartment 168x85x30 Cm(20g) ഫർണീച്ചറിന് ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ല.

2) തദ്ദേശ സ്വംയഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം {ജി.ഒ.(പി)നം.25/2010/തസ്വഭവ., തീ. 08.11.2020} 1,00,000/- രൂപയ്ക്ക് മുകളിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ വിവാ പ്രോഗ്രാമിന്റെ (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) ഭാഗമായി DR Laborataries Technologies എന്ന സ്ഥാപനത്തിൽ നിന്നും 1,53,120/- രൂപ ചെലവഴിച്ച് Hemoglobin Hemometer Test Strips, Hemoglobin Hemometer എന്നിവ വാങ്ങിയതിന് കമ്മിറ്റേഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകമ്പയറിക്ക് (നം.56/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-47 ആരോഗ്യസേന പ്രവർത്തനം - തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.	113/25
പ്രോജക്ടിന്റെ പേര്	ആരോഗ്യസേന പ്രവർത്തനം
നിർവഹണം	മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി.

അടങ്കൽ	രൂ.1,00,000/-
ചെലവ്	രൂ.1,00,000/-

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ 180 സന്നദ്ധ പ്രവർത്തകർക്ക് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം പരിശീലത്തിനായും രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലോറിൻ വാങ്ങുന്നതിനുമായും 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരിശീലനം ലഭിച്ച വ്യക്തികൾ നടപ്പാക്കിയ തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകൂയറിക്ക് (നം.56/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-48 ജനറൽ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ മിനിട്സ് സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (1995ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗ നടപടിക്കുറിപ്പുകളുടെ കരട് സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ കരട് അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന ഉപചട്ടം 9, 10 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 2025ലെ മിനിട്സ് പരിശോധിച്ചതിൽ ചുവടെ പറയുന്ന തീയതികളിലെ മിനിട്സുകൾ പ്രസ്തുത ചട്ടങ്ങൾ പാലിച്ച് പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

യോഗ തീയതി	യോഗ വിഭാഗം	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി
08/01/2025	ഭരണസമിതി യോഗം	04/02/2025	04/02/2025
25/01/2025	ഭരണസമിതി യോഗം	25/02/2025	25/02/2025
06/02/2025	ഭരണസമിതി യോഗം	11/02/2025	11/02/2025
11/02/2025	ഭരണസമിതി യോഗം	25/03/2025	25/03/2025
04/03/2025	ഭരണസമിതി യോഗം	21/04/2025	21/04/2025
21/03/2025	ഭരണസമിതി യോഗം	01/04/2025	01/04/2025
24/03/2025	ഭരണസമിതി യോഗം	05/05/2025	05/05/2025
19/04/2025	ഭരണസമിതി യോഗം	18/06/2025	18/06/2025
29/04/2025	ഭരണസമിതി യോഗം	24/05/2025	24/05/2025
13/05/2025	ഭരണസമിതി യോഗം	31/05/2025	31/05/2025
22/05/2025	ഭരണസമിതി യോഗം	27/06/2025	27/06/2025
13/06/2025	ഭരണസമിതി യോഗം	21/07/2025	21/07/2025
30/06/2025	ഭരണസമിതി യോഗം	28/07/2025	28/07/2025
08/07/2025	ഭരണസമിതി യോഗം	28/08/2025	28/08/2025

25/07/2025	ഭരണസമിതി യോഗം	- ഇല്ല -	- ഇല്ല -

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകവയറിക്ക് (നം.29/തീ.29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-49 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

2021-22 വർഷം മുതലുള്ള ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു (അവലംബം - 03/19.08.2025ന്റെ മറുപടി).

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	സ്കീം - 1	സ്കീം - 3 (രൂ.)	സ്കീം – 4 (രൂ.)	ആകെ (രൂ.)
2021-22	0	2,06,447	1,10,000	3,16,447
2022-23	0	9,19,000	3,85,000	13,04,000
2023-24	0	3,84,000	6,13,000	9,97,000
2024-25	0	0	0	0

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	സ്കീം - 1	സ്കീം - 3 (രൂ.)	സ്കീം – 4 (രൂ.)	ആകെ (രൂ.)
2021-22	0	2,06,397	1,10,000	3,16,397
2022-23	0	9,18,828	3,84,607	13,03,435
2023-24	0	0	11,088	11,088
2024-25	0	0	0	0

3) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തെ പലിശയുൾപ്പെടെയുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	തുക (രൂ.)
320100202	Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	409,767.00
320100204	Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	625,785.00

4) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നാളിതുവരെ നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതിയുടെ പേര്	ചെലവ് (രൂ.)
2021-22	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	2,06,397
2021-22	ഉപകേന്ദ്രങ്ങളിൽ വെൽനസ് പ്രവർത്തനങ്ങൾ	1,10,000
2022-23	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	9,18,828
2022-23	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ	3,84,607
2023-24	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0
2023-24	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ	11,088
2024-25	-	0

5) ഫണ്ട് നീക്കിയിരിപ്പുണ്ടായിട്ടും പദ്ധതി നടപ്പാക്കിയില്ല.

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ 2024-25 വർഷം നടപ്പാക്കിയിട്ടില്ല.

പ്രോജക്ട് നം.	പേര്	അടങ്കൽ (രൂ.)

348/25	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഒരുക്കൽ	3,84,000
349/25	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഒരുക്കൽ	6,13,000

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകപയറിക്ക് (നം.56/തീ.27.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് - വിശദാംശം

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക
17	രൂ.1,03,500/-	രൂ.1,03,500/-	0

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

– Nil –

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

– Nil –

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

– Nil –

4-2 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക (രൂ.)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക/ തിരിച്ചടച്ച തുക (രൂ.)	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	o	93,000	ലൈഫ് PMAY ഭവനപദ്ധതി SCP – (21/25)	93,000	0
		0	5,20,000	ലൈഫ് PMAY ഭവനപദ്ധതി SCP – (175/25)	5,20,000	0
		0	27,50,000	ലൈഫ് PMAY ഭവനപദ്ധതി ജനറൽ – (174/25)	27,50,000	0
		0	5,41,500	സ്നേഹസ്പർശം – (60/25)	5,41,500	0
		0	13,125	സ്നേഹസ്പർശം – (Spill Over) (194/25)	13,125	0

		0	49,823	ക്ഷീരസമൃദ്ധി – (31/25)	49,823	0
		0	1,32,192	ക്ഷീരസമൃദ്ധി (Spill Over) – (179/25)	1,32,192	0
ജില്ലാ പഞ്ചായത്ത്	2024-25	0	28,000	ഹരിത ഭവനം (Spill Over) – (197/25)	28,000	0
		0	49,000	ഹരിത ഭവനം - (93/25)	49,000	0
		0	1,60,000	ലൈഫ് PMAY ഭവനപദ്ധതി SCP - (21/25)	1,60,000	0
		0	4,26,000	സ്നേഹസ്പർശം - (60/25)	4,26,000	0

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2023 -24 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.)	തൻ വർഷത്തെ വരവ് (രൂ.)	ആകെ (രൂ.)	സുലേഖ പത്രിക പ്രകാരം ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)	24-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.)
ബ്ലോക്ക് പഞ്ചായത്ത്	23,99,559	16,24,640	64,99,199	16,24,640	23,99,559	23,99,559
ജില്ലാ പഞ്ചായത്ത്	0	6,63,000	6,63,000	6,63,000	0	0

4-3 നിക്ഷേപ പ്രവൃത്തികൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂ.)	തൻവർഷം ചെലവഴിച്ച തുക (രൂ.) വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ.)
കെ.എസ്.ഇ.ബി.	പോസ്റ്റ് ഷിഫ്റ്റിംഗ് (77/25)	2,71,273	0	2,71,273
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	ഭൂതമടക്കി എം.സി.എഫ്.-ൽ കുഴൽക്കിണർ (350/25)	1,24,691	0	1,24,691
	മാർക്കറ്റിൽ കുഴൽക്കിണർ നിർമ്മാണം (252/25) *	3,51,141	0	3,51,141
	ടേക്ക് എ ബ്രേക്ക് കുഴൽക്കിണർ നിർമ്മാണം (325/25)	1,17,709	0	1,17,709
	KSRTC – ടേക്ക് എ ബ്രേക്ക് കുഴൽക്കിണർ നിർമ്മാണം (351/25)	1,22,034	0	1,22,034
	ആകെ	**7,15,575**		

വാർഷിക ധനകാര്യപത്രിക പ്രകാരം

	മുന്നിരിപ്പ് (രൂ.)	2024-25 വർഷത്തെ നിക്ഷേപം (രൂ.)	ആകെ (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂ.)	നീക്കിയിരിപ്പ് (രൂ.)	2024-25 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.)
കെ.എസ്.ഇ.ബി.	7,06,881	2,71,273	9,78,154	2,83,573	6,94,581	6,13,439
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	2,46,402	7,15,575	9,61,977	1,41,041	8,20,936	7,49,795
വാട്ടർ അതോറിറ്റി	58,70,336	0	58,70,336	0	58,70,336	58,70,336

4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ വിവരം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	ആകെ	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	രൂ.2,76,35,253/-	രൂ.29,80,000/-	രൂ.3,06,15,253/-	രൂ.31,66,116/-	രൂ.2,74,49,137/-

4-6 സ്ഥിര നിക്ഷേപം

ക്രമ നം.	FD നമ്പർ	തുക (രൂ.)	പലിശ നിരക്ക്	നിക്ഷേപ തീയതി	മെച്യൂരിറ്റി തീയതി	ബാങ്ക്
1	138897	1,92,332	6.85		19.12.2025	Central Bank
2	030431	50,00,000	4.25	13.06.2024	മെയ് 2025 (FD ക്ലോസ് ചെയ്തിട്ടുണ്ട്)	Central Bank
3	030475	54,01,270	6.25	06.11.2024	05.05.2025	Central Bank
4	030476	54,01,270	6.25	06.11.2024	05.05.2025	Central Bank
5	030477	54,01,270	6.25	06.11.2024	05.05.2025	Central Bank
6	FDR1505231122	54,26,938		15.11.2024	15.05.2025	Bank Of Baroda
7	C00053410	30,00,000	6.75	05.10.2023	02.04.2024 (FD ക്ലോസ് ചെയ്തിട്ടുണ്ട്)	Kerala Bank
8	1718816	5000000	7.55	01.02.2025	20.04.2026	Kerala Gramin Bank
	ആകെ	**2,56,03,000** (ക്രമ നം. 7 ഒഴികെ)				

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ ആകെ സ്ഥിര നിക്ഷേപം 3,37,83,837/- രൂപ ആണ്. വിശദ വിവരം ഖ. 1.1.9ൽ ഉൾപ്പടുത്തിയിട്ടുണ്ട്.

4-7 ഓഡിറ്റ് റിക്കവറി

ക്രമ നം	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം/ തീയതി
1	ലഭ്യമല്ല		547	ലൗജി എം നായർ	1240100537/02.05.24
2	2022-23	1-9-6	269	സുരേന്ദ്രൻ നായർ	1240100998/23.05.24
3	2022-23	1-44	34531	ജയകുമാർ	1240101296/12.06.24

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	പരാമർശം	നിലവിലെ അവസ്ഥ
	2013-14		വാടക, ലൈസൻസ് ഫീ ഭീമമായ കുടിശ്ശിക – വ്യവഹാരങ്ങൾ അനന്തമായി നീളുന്നു	
2015-16	2016-17	അദ്ധ്യായം 2 അനുബന്ധം 5	തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കാൻ നടപടിയില്ല	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

8.

– ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	രൂ.2,81,28,387
ഓഡിറ്റ് വർഷത്തെ വരവ്	രൂ.8,52,25,936
ആകെ	രൂ.11,33,54,323
ഓഡിറ്റ് വർഷത്തെ ചെലവ്	രൂ.7,33,26,529
നീക്കിയിരിപ്പ്	രൂ.4,00,27,794
വരവിനങ്ങളിലുള്ള നഷ്ടം	– ഇല്ല –
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	– ഇല്ല -
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**രൂ.6,88,875**

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	1,60,000	ശ്രീ. രാജേഷ് എസ്. എസ്., സെക്രട്ടറി
1-21	3,64,434	ശ്രീ. രാജേഷ് എസ്. എസ്., സെക്രട്ടറി
1-22	18,100	ശ്രീമതി പുഷ്പകുമാരി ആർ. എസ്., ഹെഡ്മിസ്ട്രസ്
1-24	10,000	ശ്രീമതി പുഷ്പകുമാരി ആർ. എസ്., ഹെഡ്മിസ്ട്രസ്
1-27	60,441	ഡോ. ജയശങ്കർ, മെഡിക്കൽ ഓഫീസർ – ആയുർവേദം
1-38	28,000	ശ്രീമതി അനീസ എസ്. കെ., ICDS സൂപ്പർവൈസർ
1-39	47,900	ശ്രീമതി അനീസ എസ്. കെ., ICDS സൂപ്പർവൈസർ
ആകെ	**6,88,875**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. രാജേഷ് എസ്. എസ്. സെക്രട്ടറി	സെക്രട്ടറി നെല്ലനാട് ഗ്രാമപഞ്ചായത്ത്	കുന്നിക്കോടുവീട്, ആലിയാട് പി.ഒ, വെഞ്ഞാറമൂട്
ശ്രീമതി പുഷ്പകുമാരി ആർ. എസ്. ഹെഡ്മിസ്ട്രസ്	HM, ഗവ. യു.പി.എസ്. ആലന്തറ, വെഞ്ഞാറമൂട്	പൗർണ്ണമി, മുളമൂട്, മുതുവിള പി.ഒ
ശ്രീമതി അനീസ എസ്. കെ. ICDS സൂപ്പർവൈസർ	ICDS സൂപ്പർവൈസർ നെല്ലനാട് ഗ്രാമപഞ്ചായത്ത്	മൊഹസീബ്, വാളിക്കോട്, നെടുമങ്ങാട്.
ഡോ. ജയശങ്കർ മെഡിക്കൽ ഓഫീസർ – ആയുർവേദം	മെഡിക്കൽ ഓഫീസർ – ആയുർവേദം ആയുർവേദാശുപത്രി, നെല്ലനാട്	മൽഹാർ, ചെക്കാകോണം, കരകുളം, തിരുവനന്തപുരം

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ

		എണ്ണം
2002-03	കെ.എസ്.എ.റ്റി.വി.എം ജിപി 13/892/2022തീയതി 17.10.2022	1 (3-5)
2009-10		1 (3-4)
2010-11		4 (3-6(A,B), 3-7(B), 3-8, 3-9
2011-12		5 (2-1, 3-3, 3-8, 3-9, 3-12)
2012-13		9 (3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15)
2014-15		5 (3-1, 3-3, 3-4, 3-5, 3-7, 3-10)
2015-16		1 (3-3)
2016-17		10 (2-1, 2-6, 3-2, 3-3, 3-4, 3-9, 3-10, 3-11, 3-15, 3-16)
2017-18	കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019	25
2018-19	കെ.എസ്.എ.റ്റി.വി.എം.ജി.പി.10/459/2020 തീയതി 29.05.2020	32
2019-20	കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1113/2021തീയതി 07.01.2023	36
2020-21	കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1145/2021തീയതി 07.01.2023	30
2021-22	കെ.എസ്.എ.റ്റി.വി.എം.ജി.പി.13/139/2023തീയതി 17.02.2023	36
2022-23	കെഎസ്എ/റ്റിവിഎം/ജി പി-13/1551/2023 തീയതി 15.02.2024	48
2023-24	കെഎസ്എ/റ്റിവിഎം/ജി പി-13/1344/2024 തീയതി 27.09.2024	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2(2) dated 13-06-2025 and submitted on 04-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Nellanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Nellanad Grama Panchayat as on 31-03-2025

Date: 16/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nellanad Grama Panchayat for the Year 2024-2025.

1.Major Observations

1)Schedule B12 of the financial statement shows Rs. 3,37,83,837/- as fixed deposit maintained by the institution. But on verification of the Fd receipts and concerned registers, the total amount in this item is Rs. 2,86,03,080/- only.

2)Details of the following accounts have not been recorded in the Annual financial statement.

Reconciliation of these accounts have also not been done.

Bank/Account number	Closing balance(as per bank statement)
Central bank 5394050535	50,61,902/-
Central bank 5369761709	7,875/-

2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2) Schedule B-1, which determined the Financial outcome (Panchayat fund) for the year, has not been made available for audit along with the annual accounts..

3) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income, the demand entry was recorded only at the end of the financial year 2024-25.

4) Expenses due, including honorarium for members and fuel expenses, have not been disclosed and no provision has been made for outstanding expenses in the balance sheet.

5)Mismatch in Administrative Expenses under MGNREGS

There is a discrepancy between the expenditure recorded in the MGNREGS cash book and the amount reported in the Annual Financial Statement.

Item	Expense
As per MGNREGS Cash Book	1,8,37,751
As per Annual Financial Statement (Head Code 256100116)	18,00,001

6) Liabilities Not Adjusted

The amounts recorded as liabilities in Schedule B-9 of the Balance Sheet for the year 2023-24 have not been adjusted in the year 2024-25. The details are as follows:

Sl. No.	Head Code	Item	Amount
1	350200119	Recoveries Payable Covid	1,39,100
2	350200199	Recoveries Payable Other recoveries from employees	12,121
3	350200203	Recoveries Payable KCWWF	1,630
4	350110103	Employee liabilities Unpaidsalaries	5,056
5	350300111	Government and Other Dues Payable Flood cess	6,356
6	350400107	Refunds Payable entertainment tax	23,700

7) Amount paid in advance for deposit works entered wrongly in ILGMS

8) Depreciation is given a greater value than that of the total value of assets

9) The amount received by way of Bidders Earnest Money deposit and Retention of contractors bill amount as shown in the AFS differs with those recorded in the register concerned

10) The receipt and expenditure of MGNREGS as shown in the MGNREGS cash book does not tally with that recorded in the annual financial statement

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്